Retail Price: ₹ 10/-

ജൂൺ 2014 ബാംഗ്ലൂർ

Vol: I Issue: 3 Page 8

# ഹെവൻലി എക്സ്പ്രസ്സ്

Heavenly express

Reg. No. NoMAG(3)/NPP/392/2013-14 | Annual Subscription ₹ 100/- | Email: heavenlyexpressindia@gmail.com

## 7 ദിവസ ഉപവാസ പ്രാർത്ഥന

**ബാംഗ്ലൂർ:** കൊത്തന്നൂർ ബൈരദിയിലുള്ള മൗണ്ട് കർമ്മേൽ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തി വരുന്ന 7 ദിവസ ഉപവാസ പ്രാർത്ഥന 2014 ജൂൺ 15 ഞായറാഴ്ച മുതൽ ജൂൺ 22 ഞായറാഴ്ച വരെ നടക്കുന്നതായി സീനിയർ പാസ്റ്റർ പി.കെ.ജോൺസൻ അറിയിച്ചു. ഈ യോഗത്തിലേക്ക് കേരളത്തിൽ നിന്നും ബാംഗ്ലൂരിൽ നിന്നുമുള്ള പ്രശസ്തരായ ദൈവദാസന്മാരായ പാസ്റ്റർ ബിജു മുളവന, പാസ്റ്റർ ബെന്നി സാമുവേൽ അടൂർ, റവ. സി.ജി.ബാബൂസ്, റവ. സന്തോഷ് ജോർജ്ജ്, പാസ്റ്റർ പി.കെ. ജോൺസൻ എന്നിവർ ശുശ്രൂഷിക്കും. എല്ലാ ദിവസവും രാവിലെ 10 മുതൽ 1.30 വരെയും വൈകിട്ട് 6.30 മുതൽ 9.00 വരെയായിരിക്കും മീറ്റിംഗുകൾ നടക്കുക. എം.സി.എ.ജി. ക്വയർ ടീം സംഗീത ശുശ്രൂഷ നിർഹിക്കുന്നതായിരിക്കും.

## പതിമൂന്നാമത് ശാരോൺ കോൺഫറൻസ് ഷിക്കാഗോയിൽ



വില്യം ലീ



ജോൺ തോമസ്



കോശി ഉമ്മൻ



ഫിന്നി മാത്യു

**ഷിക്കാഗോ:** ജൂൺ 19 മുതൽ 22 വരെ ഷിക്കാഗോയിൽ നടക്കുന്ന പതിമൂന്നാമത് ശാരോൺ ദേശീയ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഷിക്കാഗോ, മിൽവാക്കി എന്നീ പട്ടണങ്ങളുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന കെനോഷ ബൈബിൾ ചർച്ചിലാണ് ഈ പ്രാവശ്യത്തെ കോൺഫറൻസ് നടക്കുന്നത്. അതിവിശാലമായ കെനോഷ ബൈബിൾ ചർച്ചിന്റെ വിവിധ ഭാഗങ്ങളിൽ ഒരേ സമയം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു. പ്രശസ്ത സുവിശേഷ പ്രവർത്തകരായ വില്യം ലീ, കോശി ഉമ്മൻ, ഫിന്നി മാത്യു, സാം ഹാസ്ട്ര, ജോൺ തോമസ്, എഡ്മണ്ട് ഗാർസിയ, സിസ്റ്റർ ജെസ്സി ഉമ്മൻ എന്നിവരാണ് ഈ വർഷത്തെ കോൺഫറൻസിൽ പ്രസംഗിക്കുന്നത്. കൂടാതെ പ്രശസ്ത ഗായകൻ ചിക്കു കുര്യാക്കോസ് ആരാധനകൾക്ക് നേതൃത്വം നൽകും. ജീവനുള്ള ആരാധന എന്ന ചിന്താവിഷയത്തിൽ അധിഷ്ഠിതമായ പ്രഭാഷണങ്ങൾ, ചർച്ചാ സമ്മേളനങ്ങൾ, പൊതുയോഗങ്ങൾ എന്നിവ ശാരോൺ കോൺഫറൻസിന്റെ പ്രത്യേകതകളാണ്.

രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന യോഗങ്ങൾ വിശ്വാസികൾക്ക് ആത്മീയ വർദ്ധനവിനും ഒത്തുചേരലിനും സ്നേഹബന്ധങ്ങൾ പുതുക്കുന്നതിനുമുള്ള സുവർണ്ണാവസരമാണ്.

കുറഞ്ഞ നിരക്കിൽ ഭക്ഷണം, താമസസൗകര്യം എന്നിവയൊരുക്കുന്നതിന് സംഘാടകർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

## പി.സി.നാക് കോൺഫറൻസ് ജൂലൈ 3 ന്

**ലാൻസിംഗ്:** പി.സി.നാകിന്റെ 32-ാമത് സമ്മേളനം ജൂലൈ 3 മുതൽ 6 വരെ മിഷിഗണിലെ ലാൻസിംഗ് കൺവൻഷൻ സെന്ററിൽ നടക്കും. ടോമി ബാർണറ്റ്, നാഥാൻ മോറീസ്, ഡോ.കെ. മുരളീധരൻ, പാസ്റ്റർ റ്റി.ഡി. ബാബു, പാസ്റ്റർ ജോ കുര്യൻ തുടങ്ങിയവരാണ് പ്രധാന പ്രഭാഷകർ.

ജീസസ് കൾചർ എന്ന പ്രസിദ്ധ ബാൻഡിന്റെ പ്രെയ്സ് ആൻഡ് വർഷിപ്പ് ഉണ്ടായിരിക്കും. ആത്മനിറവിലുള്ള ആരാധന, യൂത്ത് മീറ്റിംഗ്, കുട്ടികൾക്കായുള്ള പ്രോഗ്രാമുകൾ, സഹോദരീ സമ്മേളനം, കാത്തിരിപ്പു യോഗം, സെമിനാറുകൾ, ക്ലാസ്സുകൾ ഇവയെല്ലാം ഉണ്ടായിരിക്കും. ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ (വിലാ. 5: 21) എന്നതാണ് ഈ വർഷത്തെ തീം.

## AMAZING VOICE 2014

**ബാംഗ്ലൂർ:** ബാംഗ്ലൂരിലെ പെന്തെക്കോസ്തു സഭകളിലെ യുവജനങ്ങളുടെ താലന്തുകൾ മനസ്സിലാക്കി അവരുടെ കഴിവുകൾ സഭയ്ക്കും ദൈവനാമമഹത്വത്തിനുമായി പ്രയോജനപ്പെടുത്തുവാൻ തയ്യാറാക്കിയിട്ടുള്ള ഒരു സംഗീതമത്സരമത്രെ Amazing Voice 2014.

ക്രൈസ്തവ സംഗീതരംഗത്ത് കഴിഞ്ഞ 40-ൽ പരം വർഷങ്ങൾ തന്റേതായ സംഭാവനകൾ നൽകി, വിശ്വാസ ലോകത്തിന് അനേകം ഗാനങ്ങൾ തയ്യാറാക്കി ഈണം നൽകി സമർപ്പിച്ച സുവിശേഷഗായകൻ പാസ്റ്റർ ഭക്തവത്സലന് ദൈവം നൽകിയ ഒരു പ്രത്യേക ആശയമത്രെ ഈ പ്രോഗ്രാം. നമ്മുടെ യുവതലമുറയെ ദൈവീക കാഴ്ചപ്പാടിൽ കൊണ്ടു വന്ന് ദൈവം തന്നിട്ടുള്ള സ്വർഗ്ഗീയവാസനകൾ ദൈവനാമമഹത്വത്തിനായ് വിവിധ രീതിയിൽ പ്രയോജനപ്പെടുത്തുവാനും ഈ പ്രോഗ്രാം പരിശീലനം നൽകി പ്രോത്സാഹിപ്പിക്കുന്നു.

ജൂലൈ 27 മുതൽ സെപ്റ്റംബർ 21 വരെ ബാംഗ്ലൂരിലെ 6 സെന്ററുകളിൽ വച്ചു നടത്തപ്പെടുന്ന മത്സരങ്ങളിലൂടെ ഏറ്റവും നല്ല പ്രതിഭകളെ തിരഞ്ഞെടുക്കുന്നത് ഒക്ടോബർ 2-ാം തീയതി ഹൊരമാവിലുള്ള ഐ.പി.സി. കർണ്ണാടക സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ വച്ചു നടത്തപ്പെടുന്ന ഗ്രാന്റ് ഫിനാലെയിലൂടെ ആയിരിക്കും ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. 15 മുതൽ 25 വരെ പ്രായമുള്ളവർക്കു മാത്രം ഇതിൽ പങ്കെടുക്കാം.

പ്രഗത്ഭരായ വിധികർത്താക്കൾ, ലോകപ്രസിദ്ധരായ സംഗീതജ്ഞർ വിവിധ സഭാമേലദ്ധ്യക്ഷന്മാർ, സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ, ഇവരുടെ സാന്നിദ്ധ്യം ഈ പ്രോഗ്രാമിന്റെ മികവ് വർദ്ധിപ്പിക്കുന്നു.

ബാംഗ്ലൂരിൽ ആദ്യമായി നടത്തപ്പെടുന്ന ഈ സംഗീത മത്സരത്തിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ കഴിവുകൾ മുഴുവനായി ദൈവനാമമഹത്വത്തിനായ് വിനിയോഗിക്കുവാൻ പ്രത്യേക പരിശീലനത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നതാകയാൽ എല്ലാ ദൈവമക്കളുടേയും പ്രാർത്ഥനയും സഹകരണവും പ്രോത്സാഹനവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ഭക്തവത്സലൻ - 7829344049 (ജനറൽ കൺവീനർ), ബ്രദർ ബിജു മാത്യു - 9448085876 (കോ.ഓർഡിനേറ്റർ), ബ്രദർ ഷിനു തോമസ് - 7411678838 (റെജിസ്ട്രേഷൻ).
Email: pentecost-fpc@gmail.com

BANGALORE TO WITNESS CHRISTIAN MUSIC BY RENOWNED MUSICIAN

**PR.V.J. TRAVEN (KOCHI)**

amazing voice-2014

Orientation will be given to the "Amazing Voice 2014" candidates.

Place: City Harvest AG Church (Near BDA Complex, Hennur Depot)
Time: 2014 June 29th Sunday @ 5.00 pm – 8.00 pm

PROGRAMME
5.00 – 6.30 pm – Orientation and Music Training
6.30 – 8.00 pm – Music Programme
All the participants are to be present here at 5.00 pm

All are welcome

For details: 7829344049
Pr. Bhakthavalsalan

## EDITORIAL BOARD

**CHAIRMAN**
**Pr.. P.K.Johnson**
pastorpkjohnsonmcag@gmail.com

**CHIEF EDITOR**
**Bro. Blesson K.Philip**
Mob: 09916422752
blessonphilip007@gmail.com

**MEDIA DIRECTOR**
**Bro. Biju Mathew**

**TECHNICAL MANAGER**
**Bro. Sijo Mathew**

**EXECUTIVE EDITORS**
**Bro. Blesson Babu**
**Bro. Manu Thomas**
**Sis. Joshly**
**Sis. Sherly**

**ASSOCIATE EDITORS**
**Bro. Prince Mathew**
**Bro. Reji Das**

**National Co-ordinator**
Bro. Kunjumon Cherian

**OVERSEAS COORDINATORS**
**New York:**
Bro.Kunjumon Samuel
Bro.Samuel Mathew
**New Jersey:**
Bro.Varghee Pampor
**South Africa:**
Bro. Allwin K.Lazer
**Bahrain:**
Bro. Babyson Johnson
**Dubai:** Bro. M K Joykutty
**Ajman:** Pr. Blesson Cherian

**COORDINATORS**
**Bangalore:**
Bro. Blesson K. Philip
**North Karnataka:**
Pr. K.P.Kuriachen
**Malanad Districts of Karnataka:** Pr. Lal Kumar
**Kerala State:**
Bro. Tijo T.Cherian
**Delhi:**
Bro. Jacob Thomas


**നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക. ലേഖനങ്ങൾ, കവിതകൾ, കഥകൾ, വാർത്തകൾ മറ്റ് ഇതര കൃതികൾ തുടങ്ങിയവ എല്ലാ മാസവും 10-ാം തീയതിക്കകം അയച്ചു തരിക.**


**Address :**
**HEAVENLY EXPRESS**
Email: heavenlyexpresindia@gmail.com
Telephone Numbers:
09916422752, 09845154986





"ഓപ്പറേഷൻ കുബേര" പേര് കേൾക്കുമ്പോൾ തന്നെ അറിയാം ഈ ഓപ്പറേഷൻ സമൂഹത്തിലെ ചില കുബേരന്മാരെ ഉദ്ദേശിച്ചുള്ളതാണെന്ന്. എന്നാൽ യോഗ്യമല്ലാത്ത രീതിയിൽ കുബേരന്മാർ ആയവരെയാണ് ഈ ഓപ്പറേഷനിൽ നോട്ടമിട്ടിരിക്കുന്നത്. കേരളത്തിലെ ആഭ്യന്തരമന്ത്രി കാണിക്കുന്ന ഈ ധൈര്യം കണ്ടില്ല എന്ന് നടിക്കാൻ കേരളത്തിലെ ജനതയ്ക്ക് കഴിയുകയില്ല. രാഷ്ട്രീയ പാർട്ടിക്കുള്ളിൽ ഉന്നത പദവി വഹിക്കുന്നവർ ഇപ്പോൾ ചിന്തിക്കുന്നുണ്ടാകും ഈ ബുദ്ധി നമുക്ക് ഇതിനു മുമ്പ് എന്തേ വന്നില്ല എന്ന്, വന്നിരുന്നെങ്കിൽ ഒരു കയ്യടി ഉറപ്പായിരുന്നു. സാധാരണക്കാർക്കെല്ലാം ഇപ്പോൾ കേരളത്തിലെ ആഭ്യന്തരമന്ത്രിയാണ് സൂപ്പർ ഹീറോ. കേരള ചരിത്രത്തിൽ തന്നെ ഈ നടപടി ആദ്യമായാണ് നടക്കുന്നത്.

കേരളത്തിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ഇതുവരെ 9420 റെയ്ഡുകളാണ് നടന്നത്. അതിൽ 753 പേർ പിടിയിലാകുകയും ചെയ്തു. 1364 കേസുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 100 രൂപയ്ക്ക് 15 രൂപ വരെ പലിശ വാങ്ങുന്ന വിരുതന്മാർ കേരളത്തിൽ ഉണ്ട്. ആസ്പത്രി കേസുകളിൽ പെട്ടെന്ന് പലവട്ടം ഇത്തരം കൊള്ളപലിശക്കാരോട് പണം കടം വാങ്ങുന്നത് ഇത്തരം സന്ദർഭങ്ങൾ ഇത്തരക്കാർ മുതലാക്കുകയും ചെയ്യും. സഹജീവിയോട് യാതൊരു മര്യാദയും കാണിക്കാതെ സ്വന്തം നേട്ടം മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നവരാണ് ഇത്തരക്കാർ. പണം കടം വാങ്ങിവർ വീടിന്റെ ആധാരം പണയം വെച്ചായിരിക്കും വാങ്ങിയിരിക്കുക. അതിനുശേഷം പണം തിരികെ നൽകിയാലും ആധാരം തിരിച്ചുകൊടുക്കാത്ത കൊള്ളപ്പലിശക്കാരും നമ്മുടെ കേരളത്തിൽ ഉണ്ട് എന്നത് ഭീതിയുളവാക്കുന്ന ഒന്നാണ്.

എന്തായാലും ഓപ്പറേഷൻ കുബേര കാരണം ഉറക്കം നഷ്ടപ്പെട്ടവർ അനേകരാണ്. അതിൽ നമ്മുടെ വിശ്വാസികളും കാണുമോ? കൊള്ളപ്പലിശ വാങ്ങുന്ന വിശ്വാസികൾ ഉണ്ടോ? ഉണ്ടെങ്കിൽ ബൈബിൾ തുറന്ന് വായിക്കുക: "തന്റെ ദ്രവ്യം പലിശയ്ക്ക് കൊടുക്കരുത്."

**ബ്ലെസ്സൻ കെ. ഫിലിപ്പ്**
ചീഫ് എഡിറ്റർ


നമ്മുടെ പ്രാർത്ഥനാ വിഷയങ്ങൾക്കുവേണ്ടി

## മെൻസ് പ്രയർ ഫെലോഷിപ്പ് ബാംഗ്ലൂർ

**കൊത്തനൂർ മൗണ്ട് കാർമൽ എ.ജി. ചർച്ചിൽ എല്ലാ ബുധനാഴ്ചയും രാവിലെ 5 മുതൽ 7 വരെ മെൻസ് പ്രാർത്ഥന കൂടിവരുന്നു.**

തകർന്ന കുടുംബജീവിതം രോഗങ്ങളാലും കടഭാരത്താലും മനോവേദനയാലും എന്തുചെയ്യണമെന്ന് അറിയാതെ ആരോരും സഹായത്തിനില്ലാതെ എന്റെ ജീവിതം എങ്ങനെ മുന്നോട്ടുപോകുമെന്ന് ഓർത്ത് വിലപിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്ന നിങ്ങൾ ദൈവസന്നിധിയിൽ കടന്നുവന്ന് ദൈവത്തോട് പ്രാർത്ഥിക്കാം. നമ്മുടെ വിഷയങ്ങൾക്ക് സർവ്വശക്തനായ ദൈവത്തിന് പരിഹാരം നൽകുവാൻ കഴിയും. വിവിധ വിഷയങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതാണ്. എല്ലാ ബുധനാഴ്ചയും രാവിലെ 5 മുതൽ 7 വരെ സഹോദരൻമാർ പ്രാർത്ഥനയ്ക്കായി ഒത്തുകൂടുന്നു.

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്ക്:-**
മൊബൈൽ/ഇമെയിൽ മുഖേന ബന്ധപ്പെടുക. Mobile No.: +91 7760914134
E-mail : manuthomaschirayil@outlook.com



# MATRIMONIAL

പെന്തക്കോസ്ത് യുവതി 24, 162 സെമി പൊക്കം വെളുത്തനിറം B.Sc. Nursing ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ആത്മീയമായും വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

ഫോൺ: 0944706329, 9400459427

Born-again, baptized boy, US Citizen, US degree holder planing to go for masters, born and brought up at Kuwait, working with one of the largest chain stores in States as Asst.Manager 5'6'' white, slim DOB 28/5/81 seeks alliance from born again and qualified girls, preferably pharmacists. Please send complete details to: samchandy65@gmail.com.
**Mob: 9605636498**

പെന്തക്കോസ്ത് യുവതി 26, 160 സെമി പൊക്കം വെളുത്തനിറം TTC, BA. ആത്മീയമായും വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ: 09539890289

Assemblies of God Church, Tamil parents settled in Bangalore. Seeking a God fearing educated ministry minded girl below 25 years, Language no bar, for their only son 27 years 5'.11", B.Com. & Bachelor of Theology.
Contact: 9845440094 / 8050722683

## HOUSE FOR RENT

Two bedroom, hall, kitchen with all necessary fittings on the first floor, in Byrathi, Kothannur, Bangalore-77.

Contact: 9448367565 / 080-25457565

# യേശുവിന്റെ മാതൃഭാഷയെ സംരക്ഷിക്കാൻ തീവ്രശ്രമം

യേശുവിന്റെ മാതൃഭാഷയായ അരമയിക്ക് സംസാരിക്കുന്നവരുടെ എണ്ണം നന്നേ ചുരുങ്ങിയ സാഹചര്യത്തിൽ ആ ഭാഷയെ സംരക്ഷിക്കാൻ പ്രമുഖ ഭാഷാശാസ്ത്രജ്ഞന്മാരുടെ സംഘം ഊർജ്ജിത ശ്രമം ആരംഭിച്ചു. മൂവായിരം വർഷം പഴക്കമുള്ള ഒരു കാലത്ത് മധ്യപൗരസ്ത്യ മേഘലയിലെ പ്രമുഖ ഭാഷയായിരുന്നു. അറബിക്, ഹീബ്രു എന്നീ ഭാഷയുടെ ഉൽപ്പത്തി അരമയിക്ക് ആണെന്നാണ് നിഗമനം. എന്നാൽ അരമിയിക്ക് സംസാരിക്കുന്നവർ ലോകത്ത് ഏറെ കുറഞ്ഞതിനാൽ ഈ ഭാഷ എന്നേക്കുമായി മരിച്ചുപോകാതിരിക്കാൻ അരമയിക്ക് സംസാരിക്കുന്നവരെ കണ്ടെത്തി അവരുടെ മൊഴികൾ റെക്കോർഡ് ചെയ്യുന്ന പദ്ധതിയാണ് ഇപ്പോൾ ഭാഷാശാസ്ത്രജ്ഞന്മാർ ആരംഭിച്ചിരിക്കുന്നത്. ലണ്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ജോസഫ് ഘാന്റെ നേതൃത്വത്തിൽ ഭാഷാശാസ്ത്രജ്ഞന്മാരുടെ സംഘം ഗൾഫിലും മറ്റു മധ്യപൗരസ്ത്യ ദേശങ്ങളിലും എത്തി വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

യേശു കുരിശിൽ കിടന്നു പറഞ്ഞ ഏലി, ഏലി ലമ്മാ ശബക്താനി (എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?) എന്ന ബൈബിളിലെ പ്രശസ്തമായ വിപാലമൊഴി അരാമ്യഭാഷയിലായിരുന്നു.

അരമയിക്ക് ഭാഷയെ പുനർജ്ജീവിപ്പിക്കാൻ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ സ്വീഡൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു ടെലിവിഷൻ ചാനൽ കഴിഞ്ഞ വർഷങ്ങളിൽ വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലസ്തീൻ ഗ്രാമമായ ബൈത്തുജലായിലെ ചുരുക്കം പ്രായമായവർ ഇപ്പോഴും നല്ലതുപോലെ ഈ ഭാഷ സംസാരിക്കുന്നുണ്ട്. ഇത് പുതുതലമുറയ്ക്കായി പറഞ്ഞു കൊടുക്കാൻ ഒരു പഠന പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു. ക്രിസ്തു ജീവിച്ച പാലസ്തീനിലെ ഗലീലക്കുന്നിലെ അറബ്-ഇസ്രയേൽ പ്രദേശമായ ജിഷിൽ ഇപ്പോഴും പ്രാഥമിക വിദ്യാലയങ്ങളിലെ പഠനമാധ്യമം അരമയിക്ക് ആണെങ്കിലും ചുരുക്കം പേർക്ക് മാത്രമേ അത് ശരിയായി അറിയുകയുള്ളൂ. എന്നാലും ഈ ഗ്രാമവാസികൾ ഇന്നു പ്രാർത്ഥനകൾ എല്ലാം ചൊല്ലുന്നത് അരമയിക്കിലാണത്രേ.

ഇങ്ങനെ പങ്കെടുക്കണമെങ്കിൽ മുൻകൂറായി ജയിൽ സൂപ്രണ്ടിന് അപേക്ഷ നൽകി തടവുകാരുടെ പേരുവിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ആവശ്യപ്പെടുന്നു. ഒരാൾ ജയിലിൽ പ്രവേശിക്കപ്പെടുന്ന സമയത്ത് ഏത് മതവിശ്വാസി എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് അതിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർന്ന് പ്രാർത്ഥനകളിൽ പങ്കെടുക്കാൻ അനുവാദം ഉണ്ടാകുക. പ്രത്യേക മതവിശ്വാസം രേഖപ്പെടുത്താൻ താല്പര്യമില്ലാത്തവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കണമെന്ന് വിജ്ഞാപനത്തിൽ പരാമർശമില്ല.

വ്യത്യസ്ഥ മതവിഭാഗങ്ങളിൽ പെട്ടവർക്കിടയിൽ വിശ്വാസത്തിന്റെ പേരിൽ അകൽച്ച സൃഷ്ടിക്കുന്നതിനും വർഗ്ഗീയ ബോധം വളർത്തുന്നതിനും ഇടയാക്കും എന്നും വിലയിരുത്തപ്പെടുന്നു. കുറ്റവാളികളിൽ പ്രാർത്ഥനയും വിശ്വാസവും വർദ്ധിച്ചുവരുന്നത് അവർ പുറത്തിറങ്ങിയാൽ സ്വാഭാവിക ജീവിതം നയിക്കുന്നതിന് കൂടുതൽ പ്രേരകമാകും എന്നിരിക്കെയാണ് വിശ്വാസപ്രചാരണത്തിന് ജയിലിൽ വിലക്ക് ഉയർന്നിരിക്കുന്നത്. നൂറുകണക്കിന് തടവുകാർ ജയിൽ സുവിശേഷീകരണം മൂലം കുറ്റകൃത്യങ്ങളിൽ നിന്ന് ക്രിസ്തുവിന്റെ പാതയിലേക്ക് തിരിഞ്ഞ് നന്മ നിറഞ്ഞ ജീവിതം നയിക്കുന്നതിന്റെ തെളിവുകൾ ധാരാളം ഉണ്ട്. ഗവൺമെന്റിന്റെ പുതിയ നടപടി കുറ്റവാളികൾ കുറ്റവാളികായിത്തന്നെ തുടരട്ടെ എന്ന നിലപാടിന്റെ തെളിവാണ്.

## പി.വൈ.പി.എ പ്രാർത്ഥന

**എറണാകുളം:** പി.വൈ.പി.എ. കേരളാ സ്റ്റേറ്റ് പ്രെയർ ബോർഡും എറണാകുളം സോണൽ കമ്മറ്റിയും സംയുക്തമായി നടത്തപ്പെട്ട ഏകദിന പ്രാർത്ഥന പുതിയകാവ് ഐ.പി.സി.യിൽ നടന്നു. പാസ്റ്റർ ഷിജു കെ. തോമസിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ റ്റി.ഡി.ബാബു പ്രസംഗിച്ചു. പാസ്റ്റർ വത്സൻ പീറ്റർ, റോയി തോമസ്, മെൽട്ടൺ, ജോബി ഏബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

# മുടി മുറിച്ചിട്ടും, നഖം പെയിന്റടിച്ചും.... പിന്നെ ഇറുകിയ ജീൻസിട്ടും

മനു തോമസ്

വെള്ള സാരിയുടുത്ത്, വെള്ള ഉടുപ്പ് ധരിച്ചു... മൊത്തം വെള്ളയാൽ അലംകൃതമായ വിശുദ്ധസഭ.. ലളിതൃത്തിന്റെ പ്രതീകമായി പൂർവ്വപിതാക്കന്മാർ പടുത്തുയർത്തിയ ദൈവസഭ ഇന്നു ആകെ മാറിയിരിക്കുന്നു.

ഉപദേശിമാരും വിശ്വാസികളും ഇന്നു ഒരുപോലെ പാശ്ചാത്യസംസ്കാരത്തിന്റെ പിടിയിലായി പോയിരിക്കുന്നു. പണ്ടൊരിക്കൽ ഒരു ഉപദേശി ഇങ്ങനെ പറഞ്ഞു: ഷർട്ട് ഇൻ ചെയ്യുന്നത് പാപമാണ്. അതിലെ വചനത്തിന്റെ പൊരുൾ തിരിച്ചറിയാൻ പ്രയാസമാണെങ്കിലും ഇന്നു ഉപദേശിമാരെല്ലാം ഇൻ ചെയ്തേ ഷർട്ട് ധരിക്കൂ. മാത്രമല്ല, നമ്മുടെ ചെറുപ്പക്കാരെല്ലാം പ്രായമുള്ളവർപോലും പാശ്ചാത്യ വേഷങ്ങൾക്ക് അടിമകളായി മാറി.

സഭയുടെ ആരംഭകാലത്ത് എല്ലാം വർജ്ജിച്ചവരുടെ പിൻതലമുറ ലിബറലൈസേഷന്റെ പിടിയിലായി. അന്ന് പാപമായിരുന്നത് ഇന്നു പാപമല്ലാതായി മാറി. ഏതെങ്കിലും ഒരു സഹോദരി വിദേശ വസ്ത്രം ധരിച്ചാൽ ഉപദേശിമാർ കഠിനമായി ശാസിച്ചമർത്തിയിരുന്ന കാലഘട്ടത്തിനു തിരശ്ശീല വീണിരിക്കുന്നു.

ഇന്നു എല്ലാവരും വിദേശവസ്ത്രമാണ് ധരിക്കുന്നത്. സ്വദേശവസ്ത്രം ധരിക്കുന്നവരെ കണ്ണുരുട്ടി നോക്കുന്ന കാലഘട്ടം വന്നുകഴിഞ്ഞു. ഒരിക്കൽ ചുമന്ന നിറത്തിലുള്ള ഷർട്ട് ധരിച്ചു കൂട്ടായ്മയ്ക്കു വന്ന പയ്യനെ ഉപദേശി ശാസിച്ചമർത്തി. ഇനി ഇത്തരം നിറമുള്ള ഷർട്ടുമായി കൂട്ടായ്മയ്ക്കു വരരുത് എന്ന് പറഞ്ഞത് ഓർക്കുന്നു.

ഇന്ന് വെളുപ്പ് അന്യായമായി മാറിയിരിക്കുന്നു. കറുപ്പും ചുമപ്പും മഞ്ഞയും ഒക്കെ തിളങ്ങി നിൽക്കുന്ന ആരാധനായോഗങ്ങൾ അരങ്ങു തകർക്കുന്നു. ആഡംഭരത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് സഭ നിലയില്ലാക്കയത്തിലേക്ക് വീണുകൊണ്ടിരിക്കുന്നു.

ഒരു സഭാനേതാവ് കൺവെൻഷൻ വേദിയിൽ ഇങ്ങനെ പറഞ്ഞു, ജീൻസിട്ട ഒറ്റ ഒരുത്തനെയും ഞാൻ എന്റെ വേദിയിൽ ആരാധനയ്ക്ക് കയറ്റില്ല. ഇറുകിയ ഷർട്ടും ഇറുകിയ പാന്റും ആണും പെണ്ണും ധരിക്കുന്ന നമ്മുടെ ലോകത്ത് സഭയിലെ മക്കൾക്കും അവയൊക്കെ മതിയിന്ന്.

നഖത്തിനു പൊളിഷു ചെയ്തു പെയ്ന്റ് കൊടുക്കുന്ന വിശുദ്ധന്മാരുടെ മക്കൾ വർദ്ധിച്ചുവരുന്നു. പ്രായം കുറച്ചു കാണിക്കാൻ തലമുടി കറുപ്പിച്ചു സുവിശേഷം പ്രസംഗിക്കുന്നരും ആരാധനയ്ക്കു നേതൃത്വം നൽകുന്നവരും ഇന്നു ഏറിവരുന്നു. ആഭരണം തെറ്റായി കാണുന്നവർ ഇവയിലൊന്നും തെറ്റ് കാണാത്തത് ആശ്ചര്യപ്പെടുത്തുന്നു.

പണ്ട് ആണുങ്ങൾക്ക് മാത്രമായിരുന്നു ബാർബർ ഷോപ്പ്. ഇന്നു നമ്മുടെ സഹോദരിമാർക്ക് ബാർബർ ഷോപ്പിൽ പോയി തലമുടി ഒപ്പിയെടുക്കുവാനും മുഖം മിനുക്കുവാനും വിവിധ മോഡലുകൾ പ്രദർശിപ്പിക്കാനും എത്ര സമയവും പണവും കളയുന്നു. ഹാ മായ.. മായ.. സകലതും മായ അത്രെ.

# പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ്

**വേങ്ങൂർ:** ഐ.പി.സി. വേങ്ങൂർ സെന്ററിന്റെയും നിലമേൽ കിളിമാനൂർ ഏരിയകളുടെയും ചെറുവക്കൽ ന്യൂ ലൈഫ് സെമിനാരിയുടെയും ആഭിമുഖ്യത്തിൽ ഏപ്രിൽ 28, 2 ന് ചെറുവക്കൽ ന്യൂ ലൈഫ് സെമിനാരിയിൽ ശുശ്രൂഷ സമ്മേളനം നടന്നു. സെന്റർ ശുശ്രൂഷകൻ റവ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്തു. റവ. കെ.എസ്. ഏബ്രഹാം കടുത്തുരുത്തി ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർ കെ.ബെന്നി, പാസ്റ്റർ കെ. ഷാജി എന്നിവർ നേതൃത്വം നൽകി.

# ആറന്മുള വിമാനത്താവളത്തിനുള്ള പാരിസ്ഥിതിക അനുമതി റദ്ദാക്കി

**ചെന്നൈ:** ആറന്മുള വിമാനത്താവളത്തിനുള്ള പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രിബ്യൂണൽ റദ്ദാക്കി. ആറ് മാസത്തിലേറെ നീണ്ട വാദങ്ങൾക്കൊടുവിലാണ് ട്രിബ്യൂണലിന്റെ ചെന്നൈ ബഞ്ച് വിധി പറഞ്ത്. പദ്ധതിയുമായി ബന്ധപ്പെട്ട ഒരു നിർമ്മാണവും കെ.ജി.എസ്. ഗ്രൂപ്പ് ചെയ്യാൻ പാടില്ലെന്ന് ഹരിത ട്രിബ്യൂണൽ വിധിച്ചു. പാരിസ്ഥിതികാഘാത പഠനം നടത്തിയ ഏജൻസിക്ക് അതിനുള്ള യോഗ്യത ഇല്ല. എൻവിറോ കെയർ എന്ന ഏജൻസിയാണ് പഠനം നടത്തിയത്. തെറ്റായ വിവരങ്ങൾ നൽകിയാണ് കെ.ജി.എസ്. ഗ്രൂപ്പ് അനുമതി തേടിയതെന്നും വിധി പ്രസ്താവത്തിൽ പറയുന്നു. കെ.ജി.എസ്. ഗ്രൂപ്പ് മാനദണ്ഡങ്ങളെല്ലാം കാറ്റിൽപ്പറത്തിയെന്ന് ട്രിബ്യൂണൽ നിരീക്ഷിച്ചു. പദ്ധതി നടപ്പിലായാൽ പാരിസ്ഥിതികാഘാതം ഉണ്ടാകും. കെ.ജി.എസ്. ഗ്രൂപ്പ് നിയമപരമായി ചെയ്യേണ്ട ഒരു നടപടിയും ചെയ്തിട്ടില്ലെന്നും ട്രിബ്യൂണൽ വിധിയിൽ വ്യക്തമാക്കി. സംസ്ഥാന സർക്കാരിന്റെ വാദങ്ങളും ട്രിബ്യൂണൽ തള്ളി. ജസ്റ്റിസ് എം. ചൊക്കലിംഗം, വിദഗ്ദ സമിതിയംഗം ആർ നാഗേന്ദ്രൻ എന്നിവരടങ്ങിയ ബഞ്ചാണ് കേസിൽ വിധി പറഞ്ഞത്. കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം നൽകിയ അനുമതിയാണ് ഹരിത ട്രിബ്യൂണൽ റദ്ദാക്കിയത്.

പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ട്രിബ്യൂണൽ കഴിഞ്ഞ ഡിസംബറിൽ സ്റ്റേ ചെയ്തിരുന്നു. ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയതിനെതിരെയാണ് ഹരിത ട്രിബ്യൂണലിൽ ഹർജി നൽകിയത്. ആറന്മുള പൈതൃക ഗ്രാമ കർമ്മ സമിതി അടക്കം അഞ്ച് പേരാണ് പാരിസ്ഥിതക അനുമതി റദ്ദാക്കണമെന്ന ആവശ്യവുമായി ട്രിബ്യൂണലിനെ സമീപച്ചത്. തെറ്റായ വിവരങ്ങൾ കാണിച്ചാണ് പരിസ്ഥിതി അനുമതി നേടിയെടുത്തത്, നെൽവയൽ നീർത്തട സംരക്ഷണ നിയമം ലംഘിച്ചാണ് പദ്ധതിയുടെ പ്രവർത്തനം, പദ്ധതിക്കുവേണ്ടി പാരിസ്ഥിതിക ആഘാത പഠനം നടത്തിയ എൻവിറോ കെയർ എന്ന ഏജൻസിക്ക് വിമാനത്താവളത്തിനു വേണ്ടി പഠനം നടത്താൻ അർഹതയില്ല എന്നിവയായിരുന്നു ഹർജിക്കാരുടെ പ്രധാന വാദം.

# ഏറ്റവും ശുദ്ധമായ വായു പത്തനംതിട്ടയിൽ; രാജ്യത്ത് വായുശുദ്ധി തെളിയിച്ചു കേരളം

ഇന്ത്യയിൽ ഏറ്റവും ശുദ്ധമായ അന്തരീക്ഷവായുവുള്ള നഗരം പത്തനംതിട്ടയാണെന്നു ലോകാരോഗ്യ സംഘടനയുടെ പഠനറിപ്പോർട്ട്. രണ്ടാം സ്ഥാനം കൊല്ലത്തിന്. ആലപ്പുഴയും തിരുവനന്തപുരവും കോട്ടയവും ആദ്യ 10 റാങ്കുകളിൽ. രാജ്യത്തെ 123 നഗരങ്ങളിലെ വായുമലിനീകരണത്തിന്റെ അളവു പരിശോധിച്ചു തയ്യാറാക്കിയ റിപ്പോർട്ടിലാണു കേരളം പരിശുദ്ധി തെളിയിച്ചത്.

ലോകത്ത് ഏറ്റവും മലിനീകരിക്കപ്പെട്ട വായുവുള്ള 20 നഗരങ്ങളിൽ 13 എണ്ണവും ഇന്ത്യയിലാണെന്നു കണ്ടെത്തിയ റിപ്പോർട്ടിലാണു കേരളത്തിന്റെ മികച്ച പ്രകടനം. 10 മൈക്രോൺ, 2.5 മൈക്രോൺ വലുപ്പമുള്ള പൊടിപടലങ്ങളുടെ സാന്നിധ്യമാണു പരിശോധിച്ചത്. പത്തനംതിട്ടയിൽ 10 മൈക്രോൺ പൊടിയുടെ അളവ് ഒരു ഘനമീറ്ററിൽ 23 മൈക്രോഗ്രാം മാത്രമാണ്. 2.5 മൈക്രോൺ പൊടിയുടെ അളവ് 10 മൈക്രോഗ്രാം. ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന ശുദ്ധവായു നിബന്ധനകൾ പാലിക്കുന്ന ഇന്ത്യയിലെ ഏകനഗരവും പത്തനംതിട്ട തന്നെ.

അന്തരീക്ഷവായുവിൽ 20-10 മൈക്രോഗ്രാം അളവിൽ മാത്രമേ പൊടിയുണ്ടാകാൻ പാടുള്ളൂവെന്നാണു ലോകാരോഗ്യസംഘടനയുടെ ചട്ടം. ഓസ്ട്രേലിയ, ന്യൂസിലൻഡ്, സ്പെയിൻ, അമേരിക്ക തുടങ്ങിയ വികസിത രാജ്യങ്ങളോടു കിടപിടിക്കുന്നതാണു പത്തനംതിട്ടയിലെ ശുദ്ധവായുവിന്റെ നിലവാരം.

രണ്ടാം സ്ഥാനത്തേക്കുള്ള കൊല്ലത്ത് 10 മൈക്രോൺ പൊടിയുടെ അളവ് 39 മൈക്രോഗ്രാമും 2.5 മൈക്രോൺ പൊടിയുടെ അളവ് 17 മൈക്രോഗ്രാമുമാണ്. പോണ്ടിച്ചേരിയും കർണ്ണാടകയിലെ ഹാസനുമാണ് തൊട്ടുപിന്നിൽ. 46-20 മൈക്രോഗ്രാം അളവുകളുമായി ആലപ്പുഴ അഞ്ചാം സ്ഥാനത്തുണ്ട്. 52-23 മൈക്രോഗ്രാം പൊടിയുമായി തിരുവനന്തപുരം ഏഴാം സ്ഥാനത്താണ്. 55-24, 57-25. 64-28, 73-32 മൈക്രോഗ്രാം അളവുകളുമായി കോട്ടയം, കോഴിക്കോട്, കൊച്ചി, തൃശൂർ എന്നിവയും രാജ്യത്തെ ശുദ്ധനഗരങ്ങളുടെ മുൻപന്തിയിലുണ്ട്.

ലോകത്തിലെ ഏറ്റവും മലിനമായ വായുവുള്ള നഗരം എന്നു ഡബ്ല്യു.എച്ച്.ഒ. വിശേഷിപ്പിച്ച ഡൽഹിയിൽ 286-153 മൈക്രോഗ്രാം അളവിലാണു പൊടി. പട്ന, ഗ്വാളിയോർ, റായ്പൂർ എന്നിവയാണ് ഇന്ത്യയിലെ ഏറ്റവും മലിനമായ നഗരങ്ങൾ. താരതമ്യേന ശുദ്ധവായുവുള്ള നഗരമെന്നു വിശേഷിപ്പിക്കപ്പെടുന്ന ബാംഗ്ലൂരിൽപ്പോലും 103-45 മൈക്രോഗ്രാം അളവിൽ വായു മലിനമാണ്.

# ബൈക്കപകടത്തിൽ പാസ്റ്റർ മരണമടഞ്ഞു



**കുമളി:** എ.ജി. ഈട്ടിത്തോപ്പ് സഭാ പാസ്റ്റർ ചങ്ങനാശ്ശേരി പാറയ്ക്കൽ തോമസ്കുട്ടി മാത്യു (45) ബൈക്കപകടത്തിൽ മരണമടഞ്ഞു. മെയ് 20-ന് തൃശൂരിൽ നിന്ന് ചങ്ങനാശ്ശേരിക്ക് പോകുമ്പോൾ ചാലക്കുടിയിൽ ദേശീയ പാതയിലുള്ള മിനി സിവിൽ സ്റ്റേഷന് സമീപം നിയന്ത്രണം വിട്ട ബൈക്ക് ഡിവൈഡറിൽ ഇടിച്ചായിരുന്നു അപകടം. മന്തിപ്പാറ എ.ജി. സെമിത്തേരിയിൽ പാസ്റ്റർ ബാബു ജോർജ്ജിന്റെ നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷ നടത്തി. ഈ വർഷത്തെ സ്ഥലം മാറ്റത്തിനാണ് ഈട്ടിത്തോപ്പ് സഭയിൽ വരുന്നത്. തൂക്കുപാലം, പീരുമേട്, ചേറ്റുകുഴി, നെടുങ്കണ്ടം, പീഴല, തിരുവല്ലാമല എന്നീ സ്ഥലങ്ങളിലും സഭാശുശ്രൂഷ ചെയ്തിട്ടുണ്ട്. ഭവനത്തിലും സെമിത്തേരിയിലും നടന്ന ശുശ്രൂഷകളിൽ പാസ്റ്റർമാരായ എ.ഷാജി, എം.എ.ഫിലിപ്പ്, ബ്ലസൻ ജോൺസൻ, അലക്സാണ്ടർ സാമുവേൽ, കെ.എം.സാബു, യാഹ്ദത്ത മണി തുടങ്ങിയവർ പ്രസംഗിച്ചു. ഭാര്യ: വണ്ടൻമേട് പതാലിൽ ഗ്രേസി. മക്കൾ: ഫിന്നി, ഫേബ.

# മെർസ്: സൗദിയിൽ 282 പേർ മരിച്ചതായി പുതിയ കണക്ക്

**റിയാദ്:** മെർസ് (മിഡിൽ ഈസ്റ്റ് റസ്പിറേറ്ററി സിൻഡ്രോം) ബാധിച്ചു സൗദിയിൽ മരിച്ചവരുടെ എണ്ണം 282 എന്ന് ആരോഗ്യ വകുപ്പിന്റെ പുതിയ കണക്ക്. 190 പേർ മരിച്ചതായാണു കഴിഞ്ഞ ദിവസവും അധികൃതർ വ്യക്തമാക്കിയിരുന്നത്. മെഡിക്കൽ രേഖകളിൽ പുന:പരിശോധന നടത്തിയതോടെയാണു മരിച്ചവരുടെ എണ്ണത്തിൽ 50 ശതമാനത്തോളം വർദ്ധന കണ്ടെത്തിയിരിക്കുന്നത്. രോഗബാധിതരുടെ എണ്ണം 688 ആയി. മരണത്തോതു നേരത്തേ കണക്കാക്കിയിരുന്ന 33 ശതമാനത്തിൽ നിന്നു 41 ശതമാനമായും ഉയർന്നു. അതേസമയം പുതുതായി രോഗബാധിതരാകുന്നവരുടെ എണ്ണത്തിൽ കുറവുണ്ടെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. രോഗം സ്ഥിരീകരിച്ചവരിൽ 353 പേർക്ക് ഇതിനോടകം ഭേദമായതായി പുതിയ അറിയിപ്പിൽ പറയുന്നു.

# പുരോഹിതന്മാരെയും കന്യാസ്ത്രീയെയും ഭീകരർ വിട്ടയച്ചു

**ഡാകർ:** ഉത്തര കാമറൂണിൽ ബൊക്കൊ ഹറാം ഭീകരർ തട്ടിക്കൊണ്ടുപോയ ഇറ്റലിക്കാരായ രണ്ടു പുരോഹിതന്മാരെയും കാനഡാക്കാരിയായ കന്യാസ്ത്രീയെയും വിട്ടയച്ചു. കഴിഞ്ഞമാസം ആദ്യമാണ് അവരെ തട്ടിക്കൊണ്ടുപോയത്. ഇവർ ആരോഗ്യത്തോടെ ഇരിക്കുന്നുവെന്നും സ്വന്തം നാടുകളിലേക്കു മടങ്ങുമെന്നും കാമറൂൺ സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

# പാസ്റ്റർ ചാക്കോ ഡാനിയേൽ നിര്യാതനായി



ചിറ്റാർ: കട്ടച്ചിറ പുത്തൻവീട്ടിൽ പാസ്റ്റർ ചാക്കോ ഡാനിയേൽ (69) ഏപ്രിൽ 15-ന് നിര്യാതനായി. ചർച്ച് ഓഫ് ഗോഡ് ഫെലോഷിപ്പ് ഇൻ ഇന്ത്യയുടെ സഭാ ശുശ്രൂഷകനും ആശാരി ഉപദേശിയുടെ ശിഷ്യന്മാരിലൊരാളുമായിരുന്നു. സംസ്കാരം കുടപ്പന ഐ.പി.സി. ബഥേൽ സെമിത്തേരിയിൽ പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ നിർവഹിച്ചു. ഭാര്യ: പരേതയായ മറിയാമ്മ ചാക്കോ, മക്കൾ: ജ്ഞാനദാസ്, ജെയ്മോൾ, മിനിമോൾ, പാസ്റ്റർ ലാലു ചാക്കോ (ഐ.പി.സി.മലബാർ മേഖല സെക്രട്ടറി), അനിമോൾ മംഗലാപുരം, ജോസ് പൂനെ, ജിജിമോൾ (കുവൈറ്റ്), മരുമക്കൾ: മണിയമ്മ, പാസ്റ്റർ ജോർജ്ജ് (തിരുവല്ല), സാജൻ (ദുബായ്), മിനി (കുവൈറ്റ്), ദിൽക്ക് (സൗദി അറേബ്യ).

## Bible Quiz 6



1. Who was Jacob's first wife?
2. How many plagues did God send on Egypt?
3. What seed did Manna look like?
4. Who was the father of Abraham?
5. Who had a slave name Onesimus?
6. In which province was Thessalonica located?
7. What did Melchizedek give to Abram?
8. Which Gospel records the fewest of the miracles performed by Jesus?
9. Where did Paul leave the sick Trophimus?
10. What does the name Abram mean?

The correct answers should reach, on or before 25th of the respective month, to the following address:
The Quiz Master, Heavenly Express, No.155, KSFC LAYOUT, Oil Mill Road, Lingarajapuram, Bangalore 560084.
(or) Email Id : heavenlyexpressindia@gmail.com
First and second prize will be awarded for every publication.

# ഈറ്റ് ദി ബോട്ടിൽ ആഫ്റ്റർ യൂസ്

**ലണ്ടൻ:** വെള്ളം കുടിച്ച ശേഷം കുപ്പി വലിച്ചെറിയുന്നത് ഇനി പഴങ്കഥ. ഉപയോഗത്തിന് ശേഷം തിന്നാൻ പറ്റുന്ന വാട്ടർബോട്ടിലുകൾ ഇപ്പോൾ വികസിപ്പിച്ചെടുത്തിരിക്കുന്നു. ലണ്ടനിലെ ഒരു വിദ്യാർത്ഥിയാണ് പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ലോകത്തെ രക്ഷിക്കാനുതകുന്ന തരത്തിൽ ഭക്ഷിക്കാവുന്ന വെള്ളക്കുപ്പി വികസിപ്പിച്ചെടുത്തത്. ഊഹോ വാട്ടർ ബോട്ടിൽ കമ്പനിയിൽ ജോലി ചെയ്യുന്ന റോഡ്രിഗോ ഗാർസിയ ഗോൺസാലെസ് എന്ന വിദ്യാർത്ഥിയും ലണ്ടൻ ഇംപീരിയൽ കോളജിലെ സഹപാഠികളുമാണ് ഉപയോഗശേഷം കഴിക്കാവുന്ന തരത്തിൽ വാട്ടർബോട്ടിലുകൾ വികസിപ്പിച്ചെടുത്തത്. ജെല്ലി ഫിഷിനെ പോലെ തോന്നിപ്പിക്കുന്ന വാട്ടർബോട്ടിൽ ഭക്ഷ്യയോഗ്യമായ ഉല്പന്നങ്ങൾ കൊണ്ട് നിർമ്മിച്ചതാണ്. ജ്യൂസുകൾ പ്രത്യേക കുമിളകളിലാക്കുന്ന പ്രശസ്ത സ്പാനിഷ് ഷെഫ് ഫെറൻ ആഡ്രിയയുടെ ആശയം പരീക്ഷിച്ചാണ് ഗോൺസാലെസ് ഇത്തരമൊരു വാട്ടർബോട്ടിൽ വികസിപ്പിച്ചെടുത്തത്. ഗോൺസാലെസും സുഹൃത്തുക്കളും വെള്ളം ഐസ് ബോളാക്കിയ ശേഷം കാൽസ്യം ക്ലോറേഡ് ലായനിയിൽ മുക്കി. അതോടെ ഐസ് ബോളിന് പുറമെ മാംസപ്പേശ പോലെ ഒരു പാളി രൂപപ്പെട്ടു. ശേഷം ഇത് ബ്രൗൺ ആൽഗകളുടെ ഒരു ലായനിയിൽ മുക്കുകയും ചെയ്തതതോടെ വെള്ളം ഗുളികപോലെ ഒരു ആവരണത്തിനുള്ളിലാക്കുകയുമായിരുന്നു. ആൽഗാ ലായനിയിൽ ഐസ് ബോൾ കൂടുതൽ സമയം വെക്കുന്നത് ഐസ് ബോളിന്റെ പുറംതോടിന് ബലം വർദ്ധിപ്പിക്കുമത്രെ. ഗോൺസാലസിന്റെ പരീക്ഷണം ഊഹോ കുപ്പിവെള്ള കമ്പനി ചില യൂറോപ്യൻ രാജ്യങ്ങളിൽ പരീക്ഷിച്ചുവത്രെ. കൂടുതൽ പരിപൂർണ്ണത വരുത്തിയ ശേഷം ലോക വ്യാപകമാക്കാനാണ് കമ്പനിയുടെ പദ്ധതി. ഏതായാലും ക്രഷ് ദി ബോട്ടിൽ ആഫ്റ്റർ യൂസ് എന്നതിനു പകരം കുടിവെള്ള ബോട്ടിലുകളിൽ ഇനി മുതൽ ഈറ്റ് ദി ബോട്ടിൽ ആഫ്റ്റർ യൂസ് എന്ന് കുറിക്കുന്ന കാലം വിദൂരമല്ല.



# വചനമെന്ന വഴികാട്ടി



**ജോർജ്ജ് വറുഗീസ് തൈപ്പറമ്പിൽ**

യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത് ഇങ്ങനെയാണ്. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു. വചനം ജഡം ധരിച്ച് നമുക്കിടയിലേക്ക് വന്നു. ദൈവം മനുഷ്യനു തന്ന ഏറ്റവും നല്ല സമ്മാനം. അതാണ് വചനം. ഇന്നും നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നു, ജനത്തെ പാപത്തിൽ നിന്നും രോഗത്തിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നു. ദുഖിതനെ അശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള സമസ്തകാര്യങ്ങളിലും ശരിയും തെറ്റും വേർതിരിച്ചറിയുവാൻ വചനം സഹായിക്കുന്നു. അതുകൊണ്ടാണ് ഇരുൾ നിറഞ്ഞ പാപാന്ധകാരം നിറഞ്ഞ പാതകളിൽ വചനത്തെ സങ്കീർത്തനക്കാരൻ കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആയി ചിത്രീകരിച്ചത്. തേനിനോടും തേൻ കട്ടയോടും ഉപമിക്കുന്ന വചനം ഒരു കുഞ്ഞിനെക്കുറിച്ച് പറയുന്നത് "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല." എന്നാണ്.

മകൻ അല്ലെങ്കിൽ മകൾ തെറ്റും ശരിയും തിരിച്ചറിഞ്ഞു തുടങ്ങുമ്പോൾ പറയും "മക്കളേ അമ്മയപ്പൻമാരെ കർത്താവിൽ അനുസരിപ്പിൻ എന്ന്. നരച്ച തലയെ ബഹുമാനിക്കണമെന്നും.

യൗവ്വനത്തിലെത്തുമ്പോൾ വചനം പറയുക ഇപ്രകാരമാണ്. "യൗവ്വനത്തിൽ നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊള്ളുക". നിന്റെ യൗവ്വനം നശിപ്പിക്കാതെ സൂക്ഷിച്ചുകൊള്ളണമെന്ന് യൗവ്വനക്കാരനെ ഓർമ്മിപ്പിക്കുന്നതാണ് വചനം. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കുവാൻ ബോധിപ്പിക്കുന്നു. സൗന്ദര്യത്തിലും ആഡംബരത്തിലും കണ്ണുപതിപ്പിക്കുന്ന യുവതികളോട് വചനം പറയുന്നത് ബാഹ്യസൗന്ദര്യത്തിലല്ല സൗമ്യതയും സാവധാനതയുമുള്ള മനസ്സാണ് യഥാർത്ഥമായ സൗന്ദര്യത്തിന്റെ മുഖമുദ്രയെന്നാണ്.

ചതിയും വഞ്ചനയും അക്രമങ്ങളും പെരുകി വരുന്ന ഇക്കാലത്ത് മക്കളോട് അഥവാ യുവാക്കളോട് പറയുന്നത് ശ്രദ്ധേയമാണ്. വചനത്തെ ഉപേക്ഷിക്കരുത്, വിട്ടുമാറരുത്, അതാണ് നിന്നെ കാക്കുന്നത്, സൂക്ഷിക്കുന്നത്.

ആത്മാർത്ഥമായ സൗഹൃദത്തെ വചനം ഓർമ്മിപ്പിക്കും, "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം." എന്ന്. നാം നമ്മെത്തന്നെ ചതിക്കുകയില്ല, വഞ്ചിക്കുകയോ പകയ്ക്കുകയോ ഇല്ല എന്നതു പോലെ കൂട്ടുകാരനെയും കരുതണമെന്ന് വിവക്ഷ.

വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നവരെയും വചനം പിൻചെല്ലുന്നു. ഭർത്താക്കന്മാരോട്, ക്രിസ്തു സഭയെ സ്നേഹിച്ചതു പോലെ ഭാര്യമാരെ സ്നേഹിക്കുകയെന്നും, ഭാര്യമാരോട് കർത്താവിനെന്നപോലെ കീഴടങ്ങണമെന്നും ഉപദേശിക്കുന്നു. അവർക്കു മക്കൾ ജനിക്കുമ്പോൾ മക്കളെ കോപിപ്പിക്കരുതെന്നും ദൈവഭയത്തിൽ വളർത്തണമെന്നും ആജ്ഞാപിക്കുന്നത് പിതാക്കന്മാരോടാണ്. ശരിയായ ശിക്ഷണത്തിനുള്ള ആഹ്വാനം വചനം നൽകുന്നത് "വടികൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല എന്ന ഓർമ്മപ്പെടുത്തലിലൂടെ.

ഒരുവൻ രോഗിയാകുമ്പോൾ വചനം കിടയ്ക്കക്കരികെ നിന്ന് കാതുകളിൽ മന്ത്രിക്കും "നിന്റെ രോഗത്തെ ഞാൻ സൗഖ്യമാക്കാമെന്ന്... നിന്റെയീ രോഗക്കിടക്ക ഞാൻ മാറ്റിവിരിക്കാമെന്ന്." കടഭാരം ഒരുവന്റെ ജീവിതത്തിൽ വരുമ്പോഴും ധൈര്യം നൽകി വചനമെത്തും. "എന്റെ ദൈവമോ നിന്റെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം തീർത്തുതരും" ഒപ്പം ദൈവവേലയ്ക്കു നൽകുന്നതിന്റെ മഹത്വവും. തെറ്റിന്റെ പാതയിലേക്കു ചരിക്കുന്നവനെ തിരുത്തുവാനും വചനമുണ്ട്. "അതിരാവിലെ മദ്യം തേടി ഓടുന്നവനെ, നിനക്ക് അയ്യോ കഷ്ടമെന്ന്" മദ്യപനെ തിരുത്തുവാനും വചനം ഉപയുക്തമാണ്. പാപം ചെയ്യാതെ തന്നത്താൻ കാക്കേണ്ടതിനും വചനം ഹൃദയത്തിൽ സംഗ്രഹിക്കേണ്ടത് അനിവാര്യമത്രേ.

> ഒരുവൻ രോഗിയാകുമ്പോൾ വചനം കിടയ്ക്കക്കരികെ നിന്ന് കാതുകളിൽ മന്ത്രിക്കും "നിന്റെ രോഗത്തെ ഞാൻ സൗഖ്യമാക്കാമെന്ന്... നിന്റെയീ രോഗക്കിടക്ക ഞാൻ മാറ്റിവിരിക്കാമെന്ന്."

തിരിച്ചറിവാകുമ്പോൾ മുതൽ വചനത്തെ വായിലും ഹൃദയത്തിലും സൂക്ഷിച്ചാൽ സകലവിധ അനുഗ്രഹങ്ങളാലും ദൈവം നിറയ്ക്കുമെന്നത് നിസ്തർക്കമാണ്. വചനം ഒരു വ്യക്തിയെ സകലദുർമാർഗങ്ങളിൽ നിന്നും കാൽ വിലക്കുമാറാക്കുന്നു. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾ ബുദ്ധിക്കുറവുള്ളവരെന്നു വിഷമിക്കുകയെങ്കിൽ പ്രതിവിധിയായി വചനമുണ്ട്. അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നതാണ് വചനം.

ഭയപ്പെടുന്ന വേളകളിൽ "ഭയപ്പെടേണ്ട, ഞാൻ നിന്റെ കൂടെയുണ്ടെന്നു പറഞ്ഞ് ഭയത്തെ ദൂരികരിക്കാൻ വചനം വരും. എല്ലാവരും തള്ളിക്കളയുമ്പോഴും മറക്കുമ്പോഴും വേദനിക്കുന്ന ഹൃദയത്തിന് അമ്മയുടെ സാമീപ്യം പോലെ എത്തുന്ന വചനം ഞാൻ നിന്നെ ഒരുനാളും തള്ളിക്കളയില്ല, ഉപേക്ഷിക്കുകയുമില്ല എന്ന് ആശ്വസിപ്പിക്കുമ്പോൾ ആരുടെ ഹൃദയമാണ് ഒരു കുഞ്ഞിന്റേതെന്നപോലെ നൈർമല്യമാകാത്തത്?

പ്രാർത്ഥനയുടെ അതിമനോഹരമായ കോട്ടകൾ തീർക്കുന്നവരോട് വചനം ഓർമ്മിപ്പിക്കുന്നത് "വഴിത്തലയ്ക്കൽ തളർന്നിരിക്കുന്ന കുഞ്ഞുങ്ങളെക്കൂടി ഓർക്കണമെന്നാണ്. തിന്മകളെ നേരിടേണ്ടി വരുന്നയാളോട് നന്മയാൽ തിന്മയെ ജയിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ശത്രുവിന്റെ വിശപ്പിനും ദാഹത്തിനും ഭക്ഷണവും വെള്ളവും നൽകുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നതിലൂടെ വചനം ഒരുവന്റെ ഹൃദയത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്ന് മനസ്സിലാക്കാം.

സഹോദര സ്നേഹത്തെക്കുറിച്ചു പറയാനും വചനം മറക്കുന്നില്ല. സഹോദരനെ സ്നേഹിക്കാത്തവൻ ഇരുട്ടിൽ വസിക്കുന്നുവെന്ന് കർക്കശമായിത്തന്നെ മനസിലാക്കിത്തരുന്നു. ഒരുവന്റെ ജീവിതം കഷ്ടങ്ങൾ നിറഞ്ഞതാകുമ്പോൾ പ്രാർത്ഥിക്കുവാനും സുഖം അനുഭവിക്കുമ്പോൾ പാടുവാനും നിർദ്ദേശിക്കുന്നു.

ഏതെങ്കിലും മേഖലയിൽ താൻ ദൈവത്തെ മറന്നാൽ അവരെ താക്കീതു ചെയ്യുവാൻ വചനം മടിക്കുന്നില്ല.

ഒരു വ്യക്തി തന്റെ കീഴിലുള്ളവരെ ഭരിക്കുമ്പോൾ ഇരുവർക്കും യജമാനനായൊരാൾ, മുഖപക്ഷമില്ലാത്തവൻ സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിഞ്ഞ് അവരെ ഭീഷണിപ്പെടുത്താതിരിക്കുകയും കീഴ്ജീവനക്കാർ യജമാനന്മാരെ ഏകാഗ്രതയോടും ഭയത്തോടും അനുസരിക്കണമെന്നും ആജ്ഞാപിക്കുന്നത് വചനത്തിന്റെ നിഷ്പക്ഷതയെ കുറിക്കുന്നു.

മധ്യവയസിലേക്കെത്തുമ്പോൾ അധ്വാനത്താൽ വലയുകയും പലവിധ മനോവ്യഥകളാൽ ഉഴലുകയും ചെയ്യുന്നവരെ തന്റെ അടുക്കൽ വിളിച്ച് ആശ്വസിപ്പിക്കുവാനും വചനം മറക്കുന്നില്ല. വാർദ്ധക്യം, അനാരോഗ്യങ്ങളും രോഗങ്ങളും പേറി കടന്നുവരുമ്പോൾ വചനം നരച്ച തലയോളം ഞാൻ നിന്നെ ചുമക്കാമെന്ന് വാക്കു കൊടുക്കും മരിക്കുന്ന ഭക്തന്റെ അരികിൽ നിന്ന് വചനം പറയുന്ന അവസാനവാക്ക് തന്റെ ഭക്തന്റെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു എന്നതായിരിക്കും. ഇപ്രകാരം ഒരുവന്റെ ജനനം മുതൽ ജീവിതാന്ത്യം വരെ കൂടെ നിൽക്കുന്ന വചനത്തെ വഴികാട്ടി എന്നല്ലാതെ മറ്റെന്ത് വിശേഷണം നൽകാനാകും?

ഹെവൻലി express Heavenly എക്സ്പ്രസ്സ്

വാർത്തകൾ, ലേഖനങ്ങൾ, കഥ, കവിത മറ്റിതര കൃതികൾ തുടങ്ങിയവ എല്ലാ മാസവും 20-ാം തീയതിക്കു മുമ്പായി അയയ്ക്കുക. പരസ്യങ്ങൾ, വിവാഹപരസ്യങ്ങൾ തുടങ്ങിയവയ്ക്കും ബന്ധപ്പെടുക:
അയക്കേണ്ട വിലാസം: ഇമെയിൽ:
heavenlyexpressindia@gmail.com

# വിശ്വാസം: ക്രിസ്തീയജീവിതത്തിന്റെ ആധാരം

ക്രിസ്റ്റീന ഏലിയാസ്



ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമാണല്ലോ വിശ്വാസം. വിശ്വാസം എന്ന അടിസ്ഥാനത്തിന്മേലാണ് ക്രിസ്തീയജീവിതം പണിയപ്പെടുന്നത്. കർത്താവായ യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി കാൽവറിക്രൂശിൽ മരിച്ചു എന്നും, തന്റെ രക്തത്താൽ നമുക്കോരോരുത്തർക്കും പാപമോചനം ലഭിച്ചുവെന്നും, അതിനാൽ ഇനി നമ്മിൽ ക്രിസ്തുവാണ് ജീവിക്കുന്നത് എന്നും നാം വിശ്വസിക്കുന്നു. എബ്രായർ 11:1 ൽ വിശ്വാസത്തെക്കുറിച്ചുള്ള നിർവചനം എഴുതിയിരിക്കുന്നത് ഇപ്രകാരം വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവമക്കൾ എന്ന് അവാകശപ്പെടുന്നവരുടെയിടയിൽ വിശ്വാസത്തിന്റെ അളവ് എത്രയുണ്ടെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവം ഇല്ല എന്ന് അവകാശപ്പെടുന്നവരുടെയും, കള്ളക്രിസ്തുക്കളുടെയും, കള്ളപ്രവാചകന്മാരുടേയും സംഖ്യ വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് കർത്താവയ യേശുക്രിസ്തുവിലും, തന്റെ വചനത്തിലും, തന്റെ വാഗ്ദത്തങ്ങളിലുമുള്ള അതിയായ വിശ്വാസം ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ജീവിതസാഗരത്തിൽ പ്രതികൂലങ്ങളും കഷ്ടതകളും ആഞ്ഞടിക്കുമ്പോൾ അതിനെ തരണം ചെയ്യണമെങ്കിൽ കർത്താവ് നമ്മോടുകൂടെ ഉണ്ടെന്നും, അവൻ സകലത്തിന്മേലും അധികാരമുള്ളവനാണെന്നും നാം വിശ്വസിക്കണം. മർക്കോസിന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ കർത്താവായ യേശുക്രിസ്തുവും തന്റെ ശിഷ്യന്മാരും പടകിൽ കയറി അക്കരെ കടക്കുന്ന സമയത്ത് വലിയ ചുഴലിക്കാറ്റ് ആഞ്ഞടിക്കുകയും പടക് മുങ്ങുമാറാകുകയും ചെയ്തു. ശിഷ്യന്മാർ വളരെ ഭയപ്പെട്ട് പടകിൽ മയങ്ങുകയായിരുന്ന യേശുവിനെ വിളിച്ചുണർത്തി അവനോട് ചോദിച്ചു ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്ക് വിചാരം ഇല്ലയോ? പലപ്പോഴും നാമും ഈ ചോദ്യം ദൈവത്തോട് ചോദിക്കാറില്ലേ? മറുപടിയായി യേശു അവരോട് ചോദിച്ചു "നിങ്ങളുടെ വിശ്വാസം എവിടെ? ശിഷ്യന്മാർ യേശുക്രിസ്തുവിനോട്കൂടെ നടന്ന് പല അത്ഭുതങ്ങളും അടയാളങ്ങളും കാണുകയും, അനുഭവിക്കുകയും ചെയ്തിട്ടുള്ളവരാണ്. എന്നാൽ യേശു അവരോടുകൂടെ ഉള്ളപ്പോൾത്തന്നെ ഒരു പ്രതികൂലം കടന്നുവന്നപ്പോൾ സർവ്വാധികാരിയായ യേശുവിനെ ചോദ്യം ചെയ്യുന്നതായി കാണുന്നു. കർത്താവിന്റെ കൂടെ നടന്ന ശിഷ്യന്മാർക്ക് വിശ്വാസക്കുറവ് സംഭവിച്ചുവെങ്കിൽ നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ എത്രയധികം പ്രാവശ്യം വിശ്വാസമില്ലായ്മ സംഭവിച്ചുകാണണം? നാമും ദൈവത്തോട് പല ചോദ്യങ്ങളും ചോദിച്ചിട്ടില്ലേ? കർത്താവേ എന്തുകൊണ്ട് എന്റെ ജീവിതത്തിൽ ഇങ്ങനെ വന്നു? എന്നും ഇങ്ങനെ തന്നെയോ? നല്ല ഭാവി ഉണ്ടാകുമോ? ജോലി ലഭിക്കുമോ? മറ്റുള്ളർ എന്നെക്കുറിച്ച് എന്തുപറയും? ഞാൻ ഒറ്റപ്പെടുമോ? തുടങ്ങിയ ചോദ്യങ്ങൾ മനസ്സിൽ ഇട്ടുകൊണ്ട് നടക്കുന്നവരാണ് നമ്മളെങ്കിൽ കർത്താവ് നമ്മോട് പറയുന്നു "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും.

എബ്രായർ 11-ാം അദ്ധ്യായത്തിൽ വിശ്വാസവിരന്മാരുടെ ഒരു നീണ്ടപട്ടിക നമുക്ക് കാണുവാൻ സാധിക്കും. അവരുടെ ഓരോരുത്തരുടേയും ദൈവീകവിശ്വാസം വിലയേറിയതായിരുന്നതിനാൽ അവർക്ക് ദൈവത്തിന്റെ സാക്ഷ്യം ലഭിക്കുവാൻ കാരണമായി. അവരിൽ ഉണ്ടായിരുന്ന ദൈവീക വിശ്വാസത്തെ നമുക്കും മാതൃകയാക്കാം. ഒന്നാമതായി ഹാബേലിന്റെ യാഗത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. അവിടെ വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കായീന്റേതിലും ഉത്തമമായ യാഗം കഴിച്ചു എന്ന് എഴുതിയിരിക്കുന്നു. ഹാബേലിന്റെ യാഗം കായീന്റെ യാഗത്തെക്കാളും ഉത്തമമാകാൻ കാരണം ഹാബേലിന്റെ ദൈവീകവിശ്വാസമാണ്. അതിനാൽ നാമും പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിശ്വാസത്തിന്റെ അളവ് എത്രയുണ്ടെന്ന് ദൈവം അറിയുന്നുണ്ട്. എത്രമാത്രം വിശ്വാസത്തോടെയാണോ നാം പ്രാർത്ഥിക്കുന്നത് അത്രമാത്രം ഉറപ്പുള്ളതായിരിക്കും പ്രാർത്ഥനയുടെ ഫലം. നമ്മുടെ പ്രാർത്ഥനകൾ വിശ്വാസത്തോട് കൂടിയവയാണോ? വിശ്വാസത്തോട് കൂടിയല്ല നാം പ്രാർത്ഥിക്കുന്നതെങ്കിൽ ഫലം ലഭിക്കുകയില്ല. "അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിക്കുവീൻ, എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും" എന്ന് കർത്താവ് നമ്മോട് അരുളിച്ചെയ്തിട്ടുണ്ട്. അതിനാൽ ഉത്തമമായ പ്രാർത്ഥനയുടെ അളവുകോൽ വിശ്വാസമാണെന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും.

രണ്ടാമതായി ഹാനോക്കിന്റെ വിശ്വാസത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. ഹാനോക്കിന്റെ വിശ്വാസം ഹേതുവായി ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ഹാനോക്കിനെക്കുറിച്ച് വളരെ വിരളമായി മാത്രമേ ബൈബിളിൽ പ്രതിപാദിക്കുന്നുള്ളുവെങ്കിലും തന്റെ വിശ്വാസം ദൈവമക്കളുടെ ഇടയിൽ പ്രസിദ്ധമാണ്. തന്നെയുമല്ല, ദൈവത്തിന്റെ സാക്ഷ്യവും, വിശ്വാസവീരന്മാരുടെ പട്ടികയിൽ തനിക്കും സ്ഥാനം ലഭിക്കുവാൻ കാരണമായി. നാമും ഹാനോക്കിനെപ്പോലെ കർത്താവായ യേശുക്രിസ്തുവിൽ അതിയായ വിശ്വാസം ഉള്ളവർ ആയിരിക്കണം. എങ്കിൽ മാത്രമേ കർത്താവായ ദൈവത്തോട്കൂടെ നടക്കുവാൻ, ദൈവത്തോട് ഒരു നല്ല ബന്ധം പുലർത്തുവാൻ നമുക്ക് കഴിയുകയുള്ളു. അടുത്തതായി നോഹയുടെ വിശ്വാസത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. മഴയെന്താണെന്നോ, ജലപ്രളയം എന്തെന്നോ അറിഞ്ഞുകൂടാത്ത നോഹ, ഒരു പൊട്ടനെപ്പോലെ ദൈവം പറഞ്ഞ കാര്യം അതേപടി അനുസരിക്കുവാൻ ഇടയായി. നാട്ടുകാരും, വീട്ടുകാരും, ചാർച്ചക്കാരും അവനെ കളിയാക്കുവാനും ഇടയായി. എങ്കിലും ദൈവത്തിന്റെ അരുളപ്പാട് അവൻ അതുപടി വിശ്വസിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു. മഴ ഉണ്ടാകുമോ ഇല്ലയോ, ജലപ്രളയം ഉണ്ടാകുമോ ഇല്ലയോ, പറയുന്ന കാര്യങ്ങൾ സംഭവിക്കാതിരിക്കുമോ, ദൈവം പറയുന്നത് സത്യമാണോ, ഇതെങ്ങനെ സംഭവിക്കും എന്ന് ഒന്നും ചിന്തിക്കാതെ, തന്റെ ചിന്തകൾക്ക് അതീതമായ കാര്യങ്ങൾ അവൻ ചെയ്യുവാൻ ഇടയായി. യഹോവയുടെ അരുളപ്പാടനുസരിച്ച് പെട്ടകം നിർമ്മിക്കുകയും, മൃഗങ്ങളെയെല്ലാം വേർതിരിച്ച് പെട്ടകത്തിൽ കയറ്റുകയും, ജലപ്രളയത്തെക്കുറിച്ച് ദേശത്ത് വിളിച്ചു പറയുകയും, രക്ഷപ്പെടുവാൻ അവരെ ആഹ്വാനം ചെയ്യുകയും ചെയ്തു. യഹോവയെ താൻ അതിയായി വിശ്വസിക്കുക നിമിത്തം തന്റെ കുടുംബം രക്ഷപ്രാപിക്കുകയും, ശേഷം ദേശം ദൈവത്തിന്റെ ന്യായവിധിയിൽ നശിക്കുകയും ചെയ്തു. "നിങ്ങൾ ലോകത്തിൽ ഒക്കെയുംപോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ" (മർക്കോ. 16:16) എന്ന് യേശുക്രിസ്തു തന്റെ സ്വർഗ്ഗാരോഹണസമയത്ത് ശിഷ്യാരോട് കല്പിച്ചിരിക്കുന്നു. നമ്മിൽ എത്രപേർ അത് അനുസരിക്കുന്നു. നാം സമയമില്ല, കഴിവില്ല, അറിയില്ല തുടങ്ങി പലകാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുന്നു. നോഹയെപ്പോലെ നാമും കർത്താവിന്റെ വചനം അനുസരിക്കുന്നുവെങ്കിൽ, നാമും വിശ്വാസത്തോടെ ദൈവം പറയുന്ന കാര്യങ്ങൾ ചെയ്യുന്നുവെങ്കിൽ, നമുക്കുവേണ്ടി ദൈവം ഒരുക്കുന്ന പ്രതിഫലം വലുതാണ്. നമുക്ക് ദൈവം നല്കിയിരിക്കുന്ന കഴിവുകൾ ദൈവനാമമഹത്വത്തിനായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുവെങ്കിൽ നല്ലവനും വിശ്വസ്തനുമായ ദാസൻ എന്നുള്ള സാക്ഷ്യം ലഭിക്കുവാൻ ഇടയാകും.

തുടർന്ന് അബ്രഹാമിന്റെയും സാറായുടെയും വിശ്വാസത്തെക്കുറിച്ച് വിവരിച്ചിരിക്കുന്നു. അബ്രാമിനോട് ഞാൻ നിനക്ക് കാണിപ്പാനുള്ള ദേശത്തേക്ക് പോക എന്ന് പറഞ്ഞപ്പോൾ തനിക്കുള്ളതെല്ലാം വിട്ട് താൻ ഉണ്ടാക്കിയിരുന്ന അന്യദൈവങ്ങളെയൊക്കെയും വിട്ട് തന്റെ ജീവനുള്ള ദൈവത്തിന്റെ വിളി കേട്ടിറങ്ങി. തൻമൂലം തന്നെ ദൈവം വളരെ അനുഗ്രഹിച്ചതായി തുടർന്ന് കാണാൻ കഴിയും. യഹോവയുടെ അരുളപ്പാടിന് കീഴടങ്ങി തന്റെ ഏകജാതനായ പുത്രനെ യാഗം കഴിക്കുവാൻ ഏലിപിച്ചുകൊടുക്കുമ്പോഴും തന്റെ ഉള്ളിൽ ഉണ്ടായിരുന്ന വിശ്വാസം അപ്രമേയമാണ്. തന്റെ മകൻ ദഹിച്ച് ചാരമായിത്തീർന്നാലും ആ ചാരത്തിൽ നിന്ന് തനിക്ക് മകനെ നല്കുവാൻ യഹോവയ്ക്ക് കഴിയും എന്ന് അബ്രഹാം വിശ്വസിച്ചു. നമുക്ക് ചിന്തിക്കാം. ഇപ്പോൾ മാതാപിതാക്കൾ തങ്ങളുടെ മക്കളെ സുവിശേഷവേലയ്ക്ക് വിടാൻ തയ്യാറാണോ? പണവും പ്രസിദ്ധിയും അല്ലേ ഈ കാലഘട്ടത്തിൽ വലുത് ? നാം ദൈവത്തിനുവേണ്ടി കൊടുക്കുവാൻ തയ്യാറായാൽ യഹോവയിരേയായ ദൈവം നമ്മുടെകൂടെയുണ്ട്. യഹോവയിരേ എന്ന് പാടുവാൻ മാത്രമല്ല, അത് അനുഭവിച്ചറിയുവാനും നമുക്ക് കഴിയണം. അതിന് വിശ്വാസം ആവശ്യമാണ്. നീർജ്ജീവമായതിനെ ജീവിപ്പിക്കുവാൻ യഹോവയ്ക്ക് കഴിയും എന്നതായിരുന്നു സാറായിയുടെ വിശ്വാസം തന്റെ പ്രായം കൊണ്ട് തനിക്കിനി ഒരു പൈതലിനെ ജനിപ്പിക്കുവാൻ കഴിയില്ല എന്ന് നല്ല ബോധ്യം ഉണ്ടായിട്ടും ദൈവദൂതന്മാർ പറഞ്ഞ വാഗ്ദത്തം സാറായി ഏറ്റെടുത്തു. തുടർന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ തനിക്ക് വാഗ്ദത്തം ലഭിച്ചതുപോലെ ഒരു യിസ്ഹാക്കിനെ(ചിരി) ദൈവം കൊടുത്തു. അബ്രഹാമിന്റെയും സാറായിയുടെയും വിശ്വാസത്തിന്റെ പ്രതിഫലമായി അവർക്ക് വാഗ്ദത്തം ചെയ്തതുപോലെ ബഹുജാതികൾക്ക് പിതാവാകുവാൻ അബ്രാഹമിനെ ദൈവം ഉയർത്തി, തന്റെ വാഗ്ദത്തദേശം പ്രാപിച്ചെടുക്കുവാൻ അബ്രഹാമിന് കഴിഞ്ഞു. നമ്മുടെ കുടുംബങ്ങളിൽ അബ്രഹാമിനും സാറായിക്കും ഉണ്ടായിരുന്നതുപോലെയുള്ള വിശ്വാസം വർദ്ധിപ്പിച്ചെടുക്കുവാൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ അസാധ്യങ്ങളെ സാധ്യമാക്കുന്ന ദൈവത്തിന്റെ അത്യന്തശക്തി നമ്മുടെ കുടുംബങ്ങളിലും, സഭകളിലും, തലമുറകളിലും പ്രവർത്തിക്കുകയുള്ളു.

മിസ്രയിമീലായിരുന്ന യോസഫ് തന്റെ മക്കളോട് താൻ മരിച്ചു കഴിയുമ്പോൾ തന്റെ അസ്ഥികൾ വാഗ്ദത്തദേശമായ കനാനിൽ തന്നെ കൊണ്ടുപോയി സംസ്കരിക്കണമെന്ന് പറയുന്നതായി കാണാം. തന്റെ ദൈവത്തോടുള്ള വിശ്വാസം നിമിത്തമാണ് തനിക്ക് സംഭവിക്കുവാനുള്ള കാര്യങ്ങൾ യോസഫ് വർഷങ്ങൾക്ക് മുമ്പ് തന്നെ പറയുന്നത്. മിസ്രയീം ഈ ലോകത്തിനും കനാൻ നമ്മുടെ വാഗ്ദത്തദേശമായ നിത്യനാടിനും തുല്യമാണ്. ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ നിത്യതയെക്കുറിച്ചുള്ള പ്രത്യാശ നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്. നശിച്ചുപോകുന്ന ഈ ലോകത്തിനുവേണ്ടി നമ്മുടെ സമയം പാഴാക്കാതെ, ഇവിടെയുള്ള വാസം അല്പകാലം മാത്രമേയുള്ളു എന്ന് മനസ്സിലാക്കി നാം നിത്യതയ്ക്കുവേണ്ടി ഒരുങ്ങുന്നവരാകാം. നശിപ്പിക്കുവാനായി അടുത്തുവന്ന ഫറവോന്റെ സൈന്യത്തിന്റെ മുമ്പിൽ പതറിപ്പോകാതെ, തന്റെ ദൈവമായ യഹോവയിൽ വിശ്വസിച്ച് മുന്നേറുവാൻ മോശെക്ക് സാധിച്ചു. ഈ

ലോകജീവിതത്തിൽ പലപ്പോഴും നമുക്ക് തരണം ചെയ്യുവാൻ കഴിയാത്ത മേടുകൾ കടക്കേണ്ടി വരുന്നു. ഓരോ വ്യക്തികളും തങ്ങൾ നേരിടുന്ന പ്രതികൂലങ്ങൾ പലരീതിയിൽ തരണം ചെയ്യുന്നു. ചിലർ വിശ്വാസത്തോടെ പ്രാർത്ഥനയാൽ മുന്നേറുന്നു. മറ്റു ചിലർ കഷ്ടതകൾ വരുമ്പോൾ പതറി പിന്മാറുന്നു. ദൈവീക വിശ്വാസം ഇല്ലാ ത്ത മറ്റുചിലർ ഈ ലോകത്തോട് തന്നെ വിടപറയുന്നു. ജീവിതം വേണ്ടെന്നുപറഞ്ഞ് സ്വയം ജീവിതം അവസാനിപ്പിക്കുന്നു. പുതിയനിയമത്തിലേക്ക് കടന്നുവരുമ്പോൾ രക്തസ്രാവക്കാരിയായ സ്ത്രീയെക്കുറിച്ചു എഴുതിയിരിക്കുന്നു. അവൾ യേശുവിനെക്കുറിച്ച് കേട്ടിട്ടുണ്ട്. തന്റെ സമ്പാദ്യമെല്ലാം തന്റെ രോഗത്തിന്റെ സൗഖ്യത്തിനായി ചെലവഴിച്ചു. ഒന്നും അവളെ വിടുവിച്ചില്ല. അപ്പോൾ കർത്താവായ യേശു അവളുടെ ഗ്രാമം വഴി കടന്നുപോകുന്ന വാർത്ത കേട്ട്, യേശുവിന്റെ ചുറ്റുമുള്ള പുരുഷാരത്തെ വകവെയ്ക്കാതെ വിശ്വാസത്തോടെ അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. തൽക്ഷണം സൗഖ്യം പ്രാപിക്കുവാൻ ഇടയായി. യേശു അവളോട് പറഞ്ഞത് "സ്ത്രീയേ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നാണ്. യേശുവിന്റെ ശിഷ്യനായ പത്രോസ് ഒരിക്കൽ കർത്താവ് കടലിലൂടെ നടന്നുവരുന്നത് കണ്ടപ്പോൾ തനിക്കും അതുപോലെ നടക്കണം എന്ന് ആഗ്രഹിച്ചു. കർത്താവ് അവനോട് വെള്ളത്തിനുമീതെ നടന്നുവരുവാൻ പറഞ്ഞു. ചില ചുവടുകൾ താൻ കടലിനുമീതെ നടന്നു എന്നാൽ ഒരു നിമിഷം തന്റെ നോട്ടം യേശുവിങ്കൽനിന്ന് മാറി ചുറ്റും നോക്കി. അപ്പോൾ തന്റെ വിശ്വാസം കുറയുകയും താൻ പതറിപ്പോകുന്നതായും കാണുവാൻ കഴിയും. നമ്മുടെ ദൃഷ്ടി എപ്പോഴും നമ്മുടെ സർവ്വശക്തനായ ദൈവത്തിങ്കലേക്ക് ആയിരിക്കണം. നമ്മിലുള്ള ദൈവീകവിശ്വാസമാണ് നമ്മെ ജീവിതത്തിൽ മുന്നേറുവാൻ പ്രാപ്തിയുള്ളവരാക്കുന്നത്. നമ്മിലുള്ള വിശ്വാസം നാം അവിശ്വാസികൾക്ക് പകർന്ന് കൊടുക്കുകയും, അവരെ ദൈവീകവിശ്വാസത്തിലേക്ക് നയിക്കുകയും ചെയ്യണം. ജീവിതത്തെക്കുറിച്ച് ഒരു ലക്ഷ്യമില്ലാതെ സ്വയം ജീവനൊടുക്കുന്നവർ നമ്മുടെയിടയിൽ കൂടിവരുന്ന കാലഘട്ടത്തിൽ നാം അടങ്ങിയിരിക്കാതെ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് നമ്മിലുള്ള വിശ്വാസം എന്തെന്ന് അവരെ അറിയിക്കാം. നമ്മുടെ സമൂഹത്തെ ക്രിസ്തുവിങ്കലേക്ക് നോക്കുവാൻ പ്രാപ്തരാക്കാം. ക്രിസ്തുവെന്ന പാറയിൽ വിശ്വാസമെന്ന അടിസ്ഥാനത്തിമേൽ വീട് പണിയുന്നവർ എന്നേക്കും നിലനില്ക്കും. ആ ഭവനം ഒരിക്കലും നശിക്കുകയില്ല. ആകയാൽ നമുക്ക് നമ്മുടെ ദൃഷ്ടി ക്രിസ്തുവിങ്കലേക്ക് ഉയർത്തി ചുറ്റുമുള്ള പ്രതികൂലങ്ങളെ വകവെയ്ക്കാതെ മുന്നേറാം. മോശയെയും കുടുംബത്തെയും രക്ഷിച്ചവനായ ദൈവം, ചെങ്കടലിനെ രണ്ടായി വിഭാഗിച്ചവനായ ദൈവം, അസാധ്യങ്ങളെ സാധ്യമാക്കുന്നവനായ ദൈവം ഇന്നും നമുക്കുവേണ്ടി ജീവിക്കുന്നു. ആകയാൽ ദൈവത്തിൻ വിശ്വാസമുള്ളവരാകാം. വാഗ്ദത്തങ്ങൾക്കായി വിശ്വാസത്തോടെ കാത്തിരിക്കാം. അനേകരോട് നമ്മുടെ വിശ്വാസം പങ്കിടാം. ജയാളിയായി ക്രിസ്തുവിനെ എതിരേല്ക്കാൻ ഒരുങ്ങാം.

# ഓട്ടക്കളത്തിൽ ഓടുന്ന വിശ്വാസി

**by: Vichu**

എബ്രായർ 12:1 ആകയാൽ നാമും സാക്ഷികളുടെ ഇത്രവലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.

ക്രിസ്തീയ ജീവിതം ഒരു ഓട്ടക്കളമാണ്. എന്നാൽ അത് വളരെയധികം ദൈർഘ്യവും കഷ്ടപ്പാടുകൾ നിറഞ്ഞതുമാണ്. ഓരോ വിശ്വാസിയും മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവും രക്ഷകനമായി ഹൃദയത്തിൽ കൈക്കൊണ്ടു ആ മത്സരത്തിനുള്ള യോഗ്യത നേടുകയാണ്. അവൻ സ്നാനമേറ്റു ആ ഓട്ടത്തിന്റെ ആദ്യ കാൽവയ്പ്പിലേക്ക് കിടക്കുന്നു. പിന്നെ ആ വിശ്വാസ ജീവിത പടകിലൂടെയാണ് യാത്ര. ഈ ഓട്ടമത്സരത്തിൽ കൂടെ ഓടാൻ അനേകരുണ്ടാകും. മാതാപിതാക്കൾ, സഹോദരങ്ങൾ, സുഹൃത്തുക്കൾ, സഹവിശ്വാസികൾ അങ്ങനെ പലരും. എങ്കിലും മനുഷ്യർ ഒന്നോർക്കുക. ഓട്ടക്കളത്തിൽ ഓടുന്നവരെല്ലാവരും ഓടുന്നുവെങ്കിലും ഒരുവനെ വിരുതു പ്രാപിക്കുന്നുള്ളൂ.

ഈ ട്രാക്കിലൂടെ ഓടുമ്പോൾ ഒത്തിരി കാര്യങ്ങൾ ശ്രദ്ധിക്കണം. നമ്മുടെ എതിരാളി പിശാചാണ്. അവൻ പല പ്രലോഭനങ്ങളുമായി നമ്മെ ഓട്ടത്തിൽ നിന്നും പിന്തിരിപ്പിക്കാനും ട്രാക്കിൽനിന്നും വഴിതെറ്റിക്കുവാനുമായി നമ്മുടെ പിന്നാലെ ഉണ്ടാകും. എന്നാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരും ആയി പിൻപിലുള്ളത് മറന്നും മുൻപിലുള്ളതിനെ ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടിക്കൊണ്ടിരിക്കണം.

ഓടുമ്പോൾ മനസ്സിൽ ഒരു ലക്ഷ്യം ഉണ്ടാകണം. പിതാവും പുത്രനും മൂപ്പന്മാരും ജീവികളും കോടാനുകോടി ദൂതന്മാരും ഒക്കെ ഒത്തുകൂടുന്ന ആ മഹാസമ്മേളനത്തിൽ വച്ച് ലഭിക്കുന്ന കിരീടം. ദൃശ്യം ഭാവനയിൽ കാണുമ്പോൾ ജീവിതത്തിന്റെ കല്ലും മുള്ളും നിറഞ്ഞ വഴികളെല്ലാം വളരെ നിസ്സാരമായി തോന്നും. ജീവിതത്തിലെ വേദനകളും മറ്റുള്ളവരിൽ നിന്നുള്ള കുത്തുവാക്കുകളും ഭാരങ്ങളുമൊക്കെ കൂർത്ത മുള്ളുകളായി പാദങ്ങളിൽ തുളച്ചു കയറുമ്പോൾ, ആ മുറിവിലൂടെ രക്തം ഇറ്റിറ്റ് വീഴുമ്പോഴും സന്തോഷത്തോടെ പാടാൻ കഴിയും ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം. കർത്താവിൻ കുഞ്ഞുങ്ങൾക്ക് ആനന്ദദായകം.

ഈ വിശ്വാസമാകുന്ന ട്രാക്കിലൂടെ ഓടുമ്പോൾ പല പ്രതിസന്ധികളും കടന്നുവരും. എന്നാൽ ലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് ഓടിക്കൊണ്ടിരിക്കണം. പ്രാർത്ഥനയോടെ വിശുദ്ധിയോടെ വിശ്വസ്തതയോടെ എല്ലാത്തിനും ഉപരി വിശ്വാസത്തോടെ ഓരോ കാല്ചുവടുകളും മുന്നോട്ടു വെച്ച് ഓടിക്കൊണ്ടിരിക്കണം. പല വഴികളും മുന്നിൽ കാണുമ്പോൾ ഏതു വഴിയിലൂടെ മുന്നോട്ടു പോകുമെന്ന് ചിന്തിച്ചു വ്യാകുലപ്പെടുമ്പോൾ ഇതാകുന്നു വഴി, ഇതിലേ നടന്നു കൊൾക എന്ന ഇമ്പമുള്ള ശബ്ദം കാതുകളിൽ മുഴങ്ങും.

ഓടിത്തളർന്നു അവശരാകുമ്പോൾ വചനം എന്ന മായമില്ലാത്ത പാൽ കുടിച്ചു ബലം പ്രാപിക്കണം. അരക്ക് സത്യവും നീതി കവചവുമാക്കി ഓടിക്കൊണ്ടിരിക്കണം. അങ്ങനെ ഓടി ലക്ഷ്യത്തിലേക്കടുക്കുമ്പോൾ പ്രത്യാശയോടെ നമുക്ക് പറയാം, ഞാൻ നല്ല പോർ പൊരുതി. ഓട്ടം തികച്ചു. വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും. എനിക്ക് മാത്രമല്ല, അവന്റെ പ്രത്യാശയിൽ പ്രിയംവെച്ച ഏവർക്കും കൂടെ.

# വിധാൻ സൗധയ്ക്കു പ്രൗഢിയേകാൻ ഗാന്ധിജിയുടെ പൂർണകായ പ്രതിമ

**ബാംഗ്ലൂർ:** വിധാൻ സൗധയ്ക്കു സമീപം ഗാന്ധിജിയുടെ പൂർണകായ വെങ്കലപ്രതിമ സ്ഥാപിക്കുന്നു. ഇതിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി സിദ്ധരാമയ്യ ഇന്നു 11നു നിർവ്വഹിക്കും. മുൻ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുടെ പ്രതിമയുടെ അനാച്ഛാദനവും ഇതോടൊപ്പം നടക്കും. 13 അടിയുടെ പീഠം ഉൾപ്പടെ 40 അടി ഉയരത്തിലാണ് ഗാന്ധി പ്രതിമ പൂർത്തീകരിക്കുക. 25 ടൺ ഭാരമുണ്ടാകും. വിധാൻസൗധയ്ക്കും വികാസ് സൗധയ്ക്കും ഇടയിൽ 200 ചതുരശ്രയടി സ്ഥലത്തു സ്ഥാപിക്കുന്ന പ്രതിമയ്ക്കു 11 കോടി രൂപയാണ് നിർമ്മാണച്ചെലവ്. ഡൽഹി സ്വദേശിയായ പ്രമുഖ ശിൽപി രാം വഞ്ജി സൂത്താറിന്റെ നേതൃത്വത്തിൽ വിദഗ്ധർ പൂർത്തിയാക്കുന്ന ഗാന്ധി പ്രതിമ



ഒക്ടോബർ രണ്ടിനു ഗാന്ധി ജയന്തി ദിനത്തിൽ അനാച്ഛാദനം ചെയ്യുമെന്നു നിയമനിർമ്മാണ കൗൺസിൽ ചെയർമാൻ ഡി.എച്ച്.ശങ്കരമൂർത്തി പറഞ്ഞു.

ഇന്ത്യ ഉൾപ്പെടെ 53 രാജ്യങ്ങളിലായി നൂറുകണക്കിനു പ്രതിമകൾ സുത്താർ നിർമ്മിച്ചിട്ടുണ്ട്. മൂന്നരമാസത്തിനുള്ളിൽ വമ്പൻ പ്രതിമയുടെ നിർമ്മാണം പൂർത്തിയാക്കുക എന്നതാണ് ഇവരുടെ വെല്ലുവിളി. കബൺ പാർക്കിന്റെ പരിധിയിലായിരുന്ന വിധാൻ സൗധയ്ക്കും വികാസ് സൗധയ്ക്കുമിടയിൽ ഗാന്ധിപ്രതിമ സ്ഥാപിക്കാൻ വർഷങ്ങൾക്കു മുൻപു പദ്ധതിയിട്ടിരുന്നതാണ്. എന്നാൽ പാർക്കുകൾക്കു സമീപം നിർമ്മാണ പ്രവർത്തനങ്ങൾക്കു നിയന്ത്രണമുള്ളതിനാൽ പദ്ധതി മുടങ്ങുകയായിരുന്നു. വിധാൻസൗധയും വികാസ് സൗധയും ഉൾപ്പെടുന്ന 49 ഏക്കർ ഭൂമിയെ ഒഴിവാക്കിക്കൊണ്ട് കർണ്ണാടക സർക്കാരിന്റെ പാർക്ക് സംരക്ഷണ നിയമത്തിൽ കഴിഞ്ഞ വർഷം ഭേദഗതി വരുത്തിയതോടെയാണ് തടസം നീങ്ങിയതെന്നും ശങ്കരഗൗഡ പറഞ്ഞു.

# പ്രവാസികളുടെ സൗദിയിലെ താമസം ചുരുക്കാൻ നിർദ്ദേശം

**റിയാദ്:** തൊഴിൽ നിയമങ്ങളിൽ വ്യാപകപരിഷ്കാരം വരുത്താൻ ഉദ്ദേശിച്ചുള്ള 24 നിയന്ത്രണങ്ങളിൽ ഏഴു പുതിയ നിയന്ത്രണങ്ങളുടെ കരടുരൂപം തൊഴിൽ മന്ത്രാലയം പുറത്തിറക്കി. പുതിയ നിയന്ത്രണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ നിർദ്ദേശം പ്രവാസികളുടെ സൗദിയിലെ താമസം 8 വർഷമാക്കി ചുരുക്കാനുള്ളതും കുടുംബങ്ങളെ കൊണ്ടുവരുന്നത് തടയണമെന്നുള്ളതുമാണ്. പ്രവാസികൾക്ക് നിബന്ധനകൾക്കു വിധേയമായി നിലവിലെ സ്പോൺസറിൽനിന്നു മാറാമെന്ന സുപ്രധാന മാറ്റത്തിനു കരടുനിയമത്തിൽ നിർദ്ദേശമുണ്ട്.

എല്ലാവരിൽ നിന്നും അഭിപ്രായം കേട്ടശേഷം മാത്രമേ ഈ നിയന്ത്രണങ്ങൾ കൊണ്ടുവരികയുള്ളൂവെന്ന് തൊഴിൽ നയ ഡെപ്യൂട്ടി മന്ത്രി അഹമ്മദ് അൽ ഹുമൈദാൻ പറഞ്ഞു. അടുത്ത ഹിജ്റ വർഷത്തിന്റെ ആദ്യപാദം മുതൽ നിയമം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു പ്രത്യേകസംഘത്തെ നിയോഗിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പ്രവാസികളുടെ താമസം എട്ടുവർഷമാക്കി നിജപ്പെടുത്തുന്നത് സൗദിയുടെ സാമ്പത്തികവ്യവസ്ഥയെ തകരാറിലാക്കുമെന്ന് ബിസിനസ് മേഖല ആശങ്കപ്പെടുന്നുണ്ട്.

നിലവിൽ സൗദിയിൽ ജോലിയുള്ള ഒട്ടേറെ പ്രവാസികളും ഇതേക്കുറിച്ച് ആശങ്കയിലാണ്. ■



Bro. Samkutty Abraham

# A STUDY ON THE BOOK OF REVELATION

The Book of Revelation is the only prophetical book in the N.T. The Genre or literary style of the book is apocalyptic. Apocalyptic is derived from the Greek word "Apocalypsis," which means to uncover or reveal. Apocalyptic literature is written when the people of God (Israel) are gone through severe persecution for their faith. Similarly, the book of Revelation is also written in a period where the Christians are gone through severe persecution by the Roman emperors.

It is believed that the book of Revelation was written during the time of Domitian. It was written during the end of the first cent by John. He introduces himself as a brother and he was exiled to the island of Patmos on account of the word of God and the testimony of Jesus. It is clear that he was gone through severe tribulation before he was send to the island. It is not clear what kind of tribulation he has gone through. But it seems that the emperor worship was very strong during the time of writing the book.

During the reign of Emperor Domitian, he passed a decree that all citizens have to show obeisance to him by worshipping him as "lord and god." The worship of emperor was compulsory for every citizen and if any one refuses to worship the emperor has to face severe persecution by the authorities. The Christians who worshipped Jesus as their only Lord and God refused to worship the emperor. Therefore the church faced severe persecution due to their refusal to worship the emperor. During their reign of Roman emperors' large number of believers became martyrs for the sake of their faith. It was such a time that the book was written for the consolation of the Christians who are undergoing severe persecution for their faith in Christ.

While John was in exile on the Patmos Island he heard a loud voice like a trumpet saying "Write what you see in a book and send it to the seven churches (1:11).

## The Seven proclamations to the churches

By the divine command John writes the message to the seven churches in Asia Minor. The churches are Ephesus, Smyrna, Pergamum, Thyatira, Sardis Philadelphia and to Laodicea. We do not know why Lord selects these seven churches. At that time there were other churches also in Asia Minor. If we look into the geographical location of the area we can understand that it was easy for a messenger to deliver these messages without much difficulty because it was lying close to one another. At present the area which represented the churches were situated in Turkey in Europe. Out of the seven cities mentioned in the message only the city of Smyrna is surviving. Today it is known as Izmir.

Rev. chapters 2 & 3 contain the message to the seven churches. The message to the churches stands as a distinct unit in the book of Revelation. Church is the medium through which God wants to communicate his message to the world. Right from the beginning of Christianity God wants to communicate the message through his chosen people. Christ wants to correct the church through warning and is giving an opportunity to repent by turning away from all filthiness, idolatry and worldliness. He wants see his bride pure and perfect so that he is warning and rebuking them.

In the following issues let us have a study of the proclamations to the seven churches in view of their political social, religious and economic background. Some of the scholars argue that the seven proclamations to the churches represent seven periods in the history of the church.

According to them we are living in the Laodicean period.

I hope that this study will help us to have deep understanding of the seven messages to the churches and thus we can see the present situation of the churches in the light of the past.

## യു.എസ്. സൈനികർക്ക് ഇനി എ.സി. ഹെൽമറ്റ്

**വാഷിങ്ടൻ:** സൈനികർക്ക് യുദ്ധമേഖലയിൽ ഉപയോഗിക്കാനായി എയർ കണ്ടീഷൻ ചെയ്ത ഹെൽമറ്റുകൾ യു.എസ്. സൈന്യം തയ്യാറാക്കുന്നു. ബാറ്ററിയിലാണ് ഇതിന്റെ പ്രവർത്തനം.

ബാറ്ററി യൂണിറ്റും ബ്ലോവർ യൂണിറ്റും പുറത്തോ അരയിലോ ഘടിപ്പിക്കാം. മുഖം മൂടുന്ന ഭാഗവുമായി ഇത് ബന്ധിപ്പിച്ചിട്ടുണ്ട്. വായു ശുദ്ധീകരിച്ചു നൽകുന്നതു മൂലം രാസായുധമടക്കമുള്ള ആക്രമണങ്ങളെ ചെറുക്കാനാകും. യു.എസ്. കരസേനയുടെ ഗവേഷണവിഭാഗത്തിന്റെ ഭാഗമായ എഡ്ജ്‌വുഡ് കെമിക്കൽ ബയോളജിക്കൽ സെന്ററാണ് എസി ഹെൽമറ്റ് നിർമ്മിക്കുന്നത്.

Heavenly Express ഹെവൻലി എക്സ്പ്രസ്സ്

Heavenly Express is a monthly Christian Newspaper produced by the HVAG trust. Published on its behalf by Rev.P.K.Johnson And edited by Bro.Blesson K.Philip. Printed at Mangalam Printers pvt. Ltd.

ANNUAL SUBSCRIPTION- INDIA RS.100/-
LIFE SUBSCRIPTION – INDIA RS.2000/-
ANNUAL SUBSCRIPTION- OVERSEAS US $25

By money order,Demand draft or cheques.
To Heavenly express ,No.155,KSFC layout,
Oil mill road,Bangalore-560084

BANK DETAILS :
HEAVENLY EXPRESS :
A/C No. 0231053000023127
IFSC : SIBL0000231
SOUTH INDIAN BANK
M.S Nagar branch, Bangalore-43

ADVERTISEMENT RATES:
Colour pages
FRONT ONLY QUARTER PAGE: RS.1500/-
BACK ONLY QUARTER PAGE: RS 1350/-
INSIDE FULL PAGE RS. 3500/-
INSIDE HALF PAGE RS.2000/-
INSIDE QUARTER PAGE RS. 1200/-

BLACK & WHITE:
FULL PAGE RS.2500/-
HALF PAGE RS.1500/-
QUARTER PAGE RS.800/-
DISPLAY 60 WORDS RS.500/-
MATRIMONIAL RS. 300/-

Dead Lines: All matters for publication should reach us before the 20th of the previous month along with the full payment.

NEWS ITEMS & ARTICLES

Heavenly express welcomes, news, reports, ,articles for Publication. Views expressed or implied In advertisements or news items are not necessarily Those of Heavenly express. While much attention is paid To the accurate reproduction of advertisement or other Materials, we are not responsible for any errors or delays in Proofing, printing or posting. Heavenly express reserves the right to edit/reject certain ads/other material without assigning any reason. For MATRIMONIALS etc. Readers are advised to make appropriate and thorough Inquiries before acting upon any advertisement. This newspaper does not necessarily Agree to the claims or representations made by any advertiser.

## മസ്തിഷ്ക രോഗം: ഗുളികയ്ക്ക് പകരം ഇനി സ്പ്രേ

**ലണ്ടൻ:** മസ്തിഷ്ക രോഗങ്ങൾക്കുള്ള മരുന്നുകൾ ഇനി മൂക്കിലടിക്കുന്ന സ്പ്രേ രൂപത്തിൽ എത്തിയേക്കാമെന്ന് സൂചന. ഇത്തരം രോഗങ്ങൾക്കുള്ള മരുന്ന് ഗുളിക രൂപത്തിലാണ് ഇപ്പോൾ നൽകുന്നത്. ഈ രീതിയിൽ വലിയ അളവ് മരുന്ന് അനാവശ്യമായി നൽകേണ്ടി വരുന്നതായി ഇതു സംബന്ധിച്ച് പഠനം നടത്തുന്ന ദക്ഷിണ ഡെൻമാർക്ക് യൂണിവേഴ്സിറ്റിയിലെ ഗവേഷകൻ ചൂണ്ടിക്കാട്ടി. ദീർഘകാലം ഇങ്ങനെ അമിത അളവിൽ മരുന്നു കഴിക്കുന്നത് ആരോഗ്യത്തെ ദോഷകരമായി ബാധിക്കും. മസ്തിഷ്കത്തിൽ മരുന്ന് എത്തിക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം സ്പ്രേയാണ്.

സ്പ്രേ ചെയ്യുമ്പോൾ മരുന്നു മൂക്കിന്റെ ഭിത്തിയിൽ നിന്ന് ആഗിരണം ചെയ്യപ്പെട്ട് മസ്തിഷ്കത്തിന്റെ ബന്ധപ്പെട്ട മേഖലയിൽ വേഗം എത്തും. ■

Heavenly Express is printed ,published & Owned by Rev. P.K. Johnson on behalf of HVAG Trust, and Published from Heavenly express No.155,KSFC Layout Oil mill Road, Bangalore, Karnataka-560084, Mob:09845154986. Printed at Evangel printers, No.2/1, Park Road Bangalore-560084.Chief Editor Mr.Blesson K.Philip Bangalore-560077